28-10-2026

Adjournment Motion

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

കിഫ്ബി പദ്ധതികളുടെ സ്തംഭനാവസ്ഥ

മി. സ്പീക്കർ: സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പാക്കിവരുന്ന കിഫ്ബി പ്രവർത്തനം സ്തംഭിപ്പിക്കുന്ന സർക്കാർ നിലപാടുമൂലം നിർവഹണ ഘട്ടത്തിലുള്ള പദ്ധതികളുടെ പ്രവർത്തനം സ്തംഭിച്ചതിലും അംഗീകാരം നൽകിയ പദ്ധതികളുടെ ടെൻഡർപോലും നടക്കാതെ വികസന പദ്ധതികൾ അട്ടിമറിക്കപ്പെടുന്നതുമൂലവുമുണ്ടായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവശ്രീ കെ. എൻ. ബാലഗോപാൽ, ജി. ആർ. അനിൽ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കിഫ്ബിയെ സംബന്ധിച്ച് ഇന്നലെ സഭയിൽ ചർച്ച ചെയ്തതാണ്. ചർച്ചയ്ക്ക് മറുപടിയും പറഞ്ഞിരുന്നു. റൂൾ 50 അനുസരിച്ച് ടി വിഷയം ഒരു കാരണവശാലും കൊണ്ടുവരാൻ പാടില്ലാത്തതാണ്. എന്നാൽ സർക്കാർ അതിനെ സ്വാഗതം

ചെയ്യുന്നു. കാരണം ഇന്നലെ പറയാൻ സാധിക്കാതിരുന്ന കുറച്ച് കാര്യങ്ങൾകൂടി ഇന്ന് പറയാമെന്നാണ് വിചാരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതോടുകൂടി കിഫ്ബിയുടെ എല്ലാ വർക്കുകളും നിന്നുപോയി എന്ന തരത്തിലുള്ള പ്രചരണം നടത്താനാണ് ശ്രമിക്കുന്നത്. 13-08-2026-ന് ചേർന്ന ബോർഡ് യോഗം നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന എല്ലാ വർക്കും കണ്ടിന്യൂ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അത് 25000 കോടി രൂപയുടെ വർക്ക് വരും. കൂടാതെ, ടെൻഡർ ചെയ്തെങ്കിലും എഗ്രിമെന്റ് വയ്ക്കാത്ത 4151 കോടി രൂപയുടെ വർക്കുകളും എഗ്രിമെന്റ് വച്ച് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ടെൻഡർ ചെയ്ത, വർക്ക് അവാർഡ് ചെയ്യേണ്ട 2595 കോടി രൂപയുടെ വർക്കുകളും ചെയ്യാൻ തീരുമാനിച്ചു. അങ്ങനെ വർക്ക് തുടരുന്നതും പുതിയതായി അനുവദിച്ചതുമായിട്ടുള്ള 31761 കോടി രൂപയുടെ വർക്ക് അവിടെ നടക്കുന്നുണ്ട്. കാരണം ഒരു ഗവൺമെന്റ് മാറി പുതിയൊരു ഗവൺമെന്റ് വന്നാലും ചില ലീഗൽ ഒബ്ലിഗേഷൻസുണ്ട്. റോഡിനുവേണ്ടി സ്ഥലം അക്വയർ ചെയ്തുകഴിഞ്ഞാൽ റോഡ് നിർമ്മിക്കാതിരിക്കാൻ സാധിക്കുമോ;

മറ്റെന്തെങ്കിലും അവിടെ നിർമ്മിക്കാൻ സാധിക്കുമോ; ഒരിക്കലും സാധിക്കില്ല, ആ റോഡ് പണിതേ പറ്റൂ. ഒരു ഒബ്ലിഗേഷൻ വന്നാൽ അത് ചെയ്തേ പറ്റൂ. എൽ.ഡി.എഫ്. ഭരണ കാലത്ത് 25000 കോടി രൂപയുടെ പദ്ധതികളാണ് പൂർത്തിയായത്. അതുൾപ്പെടെ 43000 കോടി രൂപയാണ് ഇതുവരെ കിഫ്ബി വഴി നൽകിയിരിക്കുന്നത്. ഇനിയും നൽകണമെന്നാണ് പറയുന്നത്. ഇവർ ഒരു ലക്ഷം കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ബാക്കിത്തുക എങ്ങനെ നൽകുമെന്നതിന് ഒരു പ്ലാനുമില്ല. ഇതിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ച പദ്ധതികളുണ്ട്, ടെൻഡർ കഴിഞ്ഞ പദ്ധതികളുണ്ട്. ഭൂമി ഏറ്റെടുത്ത, എഗ്രിമെന്റ് വച്ച പദ്ധതികളിൽനിന്നും പിന്മാറാൻ ഈ സർക്കാരിന് നിയമപരമായ പരിമിതികളുണ്ട്. ഞങ്ങൾ അതുമായി മുന്നോട്ടുപോകും. കിഫ്ബി ഇപ്പോൾ എടുത്തിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാൻ ലാൻഡ് അക്വസിഷൻ ഉൾപ്പെടെ എഴുപതിനായിരം കോടി രൂപ വേണ്ടി വരും. ഈ തുക എങ്ങനെ കണ്ടെത്തും? കടം എടുത്താൽ അത് സംസ്ഥാനത്തിന്റെ കടമെടുപ്പിന്റെ പരിധിയിൽവരും.

നമ്മുടെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും മോട്ടോർ വെഹിക്കിൾ ടാക്സിന്റെയും സെസ്സിന്റെയും തുക കിഫ്ബിക്ക് നൽകുകയാണ് മുൻ സർക്കാർ ചെയ്തുകൊണ്ടിരുന്നത്. 3000-4000 കോടി രൂപയാണ് കൊടുത്തുകൊണ്ടിരുന്നത്. കൂടാതെ വായ്പയും എടുക്കും. ഞാൻ ഇന്നലെ പറഞ്ഞതുപോലെ, ഓപ്പൺ മാർക്കറ്റ് ബോറോവിങ്ങിൽനിന്ന് സംസ്ഥാന സർക്കാർ ലോൺ എടുക്കുന്നതിനേക്കാൾ കൂടിയ പലിശയ്ക്കാണ് കിഫ്ബി പുറത്തുനിന്ന് ലോൺ എടുക്കുന്നത്. അതിന്റെ സോവറിൻ ഗ്യാരന്റി (Sovereign Guarantee) സംസ്ഥാന സർക്കാർ നൽകണം. കാരണം കിഫ്ബിക്ക് വരുമാനം ലഭിക്കുന്ന ഒരു പ്രോജക്ടുമില്ല. കിഫ്ബി എടുക്കുന്ന കടത്തിന്റെ മുഴുവൻ ബാധ്യത സംസ്ഥാന സർക്കാരിനാണ്. കിഫ്ബി കടമെടുത്താൽ അത് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിക്കുള്ളിൽവരും. ഈ സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ ഏകദേശം 12,000 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. കഴിഞ്ഞ സർക്കാർ 48,000 കോടി രൂപ വായ്പ എടുത്തപ്പോൾ ഈ സർക്കാരിന് 37,000 കോടി രൂപയുടെ വായ്പ എടുക്കാനേ സാധിക്കുകയുള്ളൂ. വായ്പ പരിധിയിൽ അത്രയും കുറവ്

വന്നിട്ടുണ്ട്. ഇതെല്ലാം കിഫ്ബിയുടെ കടമെടുപ്പുമൂലമുള്ള ബാധ്യതയാണ്. നിലവിലെ പദ്ധതികൾ പൂർത്തീകരിക്കാൻ പണം എങ്ങനെ കണ്ടെത്തുമെന്ന് ഒരു പ്ലാനുമുണ്ടായിരുന്നില്ല. കിഫ്ബിയുടെ കടം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽവരുമെന്ന് നേരത്തേതന്നെ അറിയാമായിരുന്നു. കിഫ്ബിക്ക് സോവറിൻ ഗ്യാരന്റി നൽകിയാൽ സർക്കാരിന് ബാധ്യത വരുമെന്നും കടമെടുക്കാൻ സാധിക്കാതെ വരുമെന്നും പറഞ്ഞ് ധനകാര്യ വകുപ്പ് എതിർപ്പ് അറിയിച്ചിരുന്നതാണ്. ലീഗൽ ഒബ്ലിഗേഷൻ പാലിക്കുന്നതിനുവേണ്ടിയാണ് ഈ സർക്കാർ കിഫ്ബി പദ്ധതികൾക്ക് പണം നൽകിയത്. അതുകൊണ്ട് കിഫ്ബിയുടെ എല്ലാ വികസന പദ്ധതികളും അട്ടിമറിക്കപ്പെടുന്നുവെന്നുള്ള ആരോപണം അടിസ്ഥാനമില്ലാത്തതാണ്. അത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കിഫ്ബി പദ്ധതി കേരളത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കേരളത്തിൽനിന്ന് പുറത്തുപോയി പത്ത് വർഷത്തിനുശേഷം തിരികെ വരുന്ന വ്യക്തികൾ ഇത്രയും വലിയ മാറ്റം ഈ

നാട്ടിൽ വന്നോയെന്ന് ചോദിക്കുന്നത് നമ്മൾ പലതവണ കേട്ടതാണ്. ഇതുകേട്ടിട്ട് ഇവിടെയിരുന്ന് ചിരിക്കുന്ന സുഹൃത്തുക്കൾക്ക് മൂന്നാറിൽനിന്നോ മലയോര മേഖലയിൽനിന്നോ ഇവിടെ വരാൻ മുമ്പ് എട്ട് മണിക്കൂർ എടുക്കുമായിരുന്നുവെങ്കിൽ ഇപ്പോൾ അഞ്ച് മണിക്കൂറിൽ താഴെ സമയമേ എടുക്കുന്നുള്ളൂ. അതുമാത്രമല്ല, നാഷണൽ ഹൈവേയുടെ നിർമ്മാണം ഇതുമാത്രം പുരോഗമിച്ചത് കിഫ്ബിയുടെ ഫണ്ടിങ്ങ് വഴിയാണ്. ഇവിടെ ഭൂമി ഏറ്റെടുക്കുന്നതിനെക്കുറിച്ച് വലിയ തത്വങ്ങൾ പറഞ്ഞില്ലേ; കേന്ദ്ര സർക്കാരിന്റെ നിർബന്ധമായ പ്രേരണയിലാണ് ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബിവഴി ഏകദേശം ആറായിരം കോടി രൂപയുടെ ഫണ്ട് നൽകിയത്. അങ്ങനെയാണ് ആ നിർമ്മാണ പ്രവൃത്തികൾ നടന്നത്. ഇത്തരം ധാരാളം കാര്യങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഏറ്റവും നല്ല റോഡുകൾ, പാലങ്ങൾ, തുരങ്കപാത തുടങ്ങിയവ നിർമ്മിക്കാൻ സാധിച്ചു. വയനാട് ജില്ലയുടെ ഏറ്റവും വലിയ പ്രശ്നമാണ് ചുരത്തിലെ ഗതാഗതക്കുരുക്ക്. അതിന് പരിഹാരമായാണ് തുരങ്ക പാത നിർമ്മാണം ആരംഭിച്ചത്. എല്ലാ നിയോജകമണ്ഡലങ്ങളിലും രാഷ്ട്രീയ

വ്യത്യാസമില്ലാതെ സ്കൂൾ കെട്ടിടങ്ങളും ആശുപത്രി കെട്ടിടങ്ങളും അനുവദിച്ചിട്ടുണ്ട്. യു.ഡി.എഫ്. കാണിക്കുന്നതുപോലെ രാഷ്ട്രീയ വ്യത്യാസം ഞങ്ങൾ കാണിച്ചിരുന്നില്ല. എല്ലാ സ്ഥലങ്ങളിലും വളരെ കൃത്യമായി കാര്യങ്ങൾ ചെയ്തിരുന്നു. വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി 12,000 കോടി രൂപയാണ് മാറ്റിവച്ചത്. ദേശീയ പാത വികസനവും തുരങ്ക പാത വികസനവും നടത്തിയിരുന്നു. തീരദേശ ഹൈവേയ്ക്ക് 4,400 കോടി രൂപയാണ് മാറ്റിവച്ചത്. അതിന്റെ ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുകയാണ്. കെ-ഫോണിന് ഫണ്ട് അനുവദിച്ചിരുന്നു. കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിക്ക് 1,374 കോടി രൂപയാണ് അനുവദിച്ചിരുന്നത്. ഗ്ലോബൽ സിറ്റിക്ക് 840 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത് എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലാണ്. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിലാണ് ഗിഫ്റ്റ് സിറ്റിക്ക് സ്ഥലം ഏറ്റെടുത്തിട്ടുള്ളത്. അതിന് എണ്ണൂറ് കോടിയിൽപ്പരം രൂപ അനുവദിച്ചെന്നാണ് എന്റെ ഓർമ്മ. വഴയില-പഴകുറ്റി-കച്ചേരിനട നാലുവരിപ്പാതയ്ക്ക് 1,293 കോടി രൂപയും

പെട്രോൾ കെമിക്കൽ പാർക്കിന് 977 കോടി രൂപയും കണ്ണൂർ എയർപോർട്ടിന്റെ കണക്ടിവിറ്റി റോഡിന് 964 കോടി രൂപയും കളമശ്ശേരി ആലുവ ഭാഗത്തെ സീപോർട്ട് എയർപോർട്ട് റോഡിന് 722 കോടി രൂപയും അനുവദിച്ചിട്ടുണ്ടായിരുന്നു. ഇതൊക്കെ മേജർ പ്രോജക്ടുകളാണ്. കോവളം കാസർഗോഡ് ജലപാതയ്ക്ക് 650 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇത്തരം ധാരാളം കാര്യങ്ങൾ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും നടക്കുന്നുണ്ട്. ഇപ്പോഴത്തെ ആശങ്ക ഈ പ്രവർത്തനങ്ങളൊക്കെ നിലച്ചുപോകുമോയെന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കുറെ പ്രോജക്ടുകൾ മുന്നോട്ടുകൊണ്ടുപോകുമെന്നാണ്. ഇന്നലെ ഇവിടെ എം.സി. റോഡിനെ സംബന്ധിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചിരുന്നു. എം.സി. റോഡ് വികസനത്തിന് അയ്യായിരത്തിൽപ്പരം രൂപയാണ് അനുവദിച്ചിരുന്നത്. ഈ വികസനങ്ങളൊക്കെ ഇവിടെ വരേണ്ടതല്ലേ? കിഫ്ബിയെ തുടക്കം മുതലേ ഒരു ചതുർത്ഥിപോലെയാണ് അന്നത്തെ പ്രതിപക്ഷം കണ്ടത്. 2016-ൽ കിഫ്ബി ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ അന്നത്തെ

പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല അതിനെ എതിർത്തതാണ്. പിന്നീട് ശ്രീ. വി. ഡി. സതീശൻ പ്രതിപക്ഷനേതാവായി. അന്നും ഞാൻ പറഞ്ഞ പോയിന്റ് ഇതൊക്കെ തന്നെയാണെന്നാണ് ഇപ്പോഴത്തെ മുഖ്യമന്ത്രി പറഞ്ഞത്. അദ്ദേഹം പറയുന്നത് ഇന്ത്യയിൽ മൂലധന നിക്ഷേപം ഏറ്റവും കുറഞ്ഞുപോയ സംസ്ഥാനം കേരളമാണെന്നാണ്. എസ്.ബി.ഐ.-യുടെ വളരെ ഉയർന്ന തസ്തികയിൽ ചുമതല വഹിച്ചിരുന്ന ശ്രീ. ആദികേശവൻ കഴിഞ്ഞ ദിവസം ഒരു ചർച്ചയിൽ പറഞ്ഞത് കഴിഞ്ഞ വർഷങ്ങളിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ മൂലധന നിക്ഷേപം വന്നത് കേരളത്തിലാണെന്നാണ്. അദ്ദേഹം രാഷ്ട്രീയമായും ഞങ്ങളുമായും ഒരു ബന്ധവുമില്ലാത്ത ആളാണ്. പക്ഷേ, അതിൽ കിഫ്ബിയുടെ നിക്ഷേപംകൂടി കൂട്ടണം. കിഫ്ബി വഴി വന്ന മൂലധന നിക്ഷേപം വേറെ ആരെങ്കിലും കൊണ്ടുവന്നതാണോ? നമ്മുടെ സംസ്ഥാന വികസനത്തിന് പ്ലാൻ ഫണ്ടിനുപുറമേ മൂലധന നിക്ഷേപംകൂടി വേണം. പ്ലാൻ ഫണ്ട് 37,000 കോടി രൂപയൊക്കെയാണ്. പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് ഉൾപ്പെടുത്താതെയാണ് പറയുന്നത്. കേരളത്തിൽ ഈ റോഡുകൾ എങ്ങനെയാണ് നിർമ്മിച്ചത്?

Adjournment Motion

ജയിലർ-2 സിനിമയിൽ ഇപ്പോൾ കാണിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട രംഗം ഏറ്റവും വികസിതമായ നമ്മുടെ റോഡുകളാണെന്ന് കഴിഞ്ഞ ദിവസം വാർത്ത വന്നിരുന്നു. ഈ അസറ്റുകളൊക്കെ കേരളത്തിലുണ്ടായി. അതിനൊക്കെ ഒരു തടസ്സം വരുമെന്ന ഭയമാണുള്ളത്. ഇന്നലെ മുഖ്യമന്ത്രി സഭയിൽ സംസാരിച്ചപ്പോൾ, രാഷ്ട്രീയ ലക്ഷ്യത്തോടുകൂടി അദ്ദേഹം നേരത്തെ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാനും ഇതിനെ തകർക്കാനുമുള്ള ശ്രമം നടക്കുകയാണെന്ന് മനസ്സിലായതുകൊണ്ടാണ് ഏറ്റവും അടിയന്തര പ്രാധാന്യത്തോടെ ഞങ്ങൾ ഇന്ന് ഈ ഉപക്ഷേപം സഭയിൽ കൊണ്ടുവന്നത്. ഭൂമി ഏറ്റെടുക്കുന്നതിന് വലിയ പ്രശ്നമുണ്ടെന്ന്അദ്ദേഹം പറഞ്ഞു. യു.ഡി.എഫ്. സർക്കാർ ഇനി അഞ്ചുവർഷം അധികാരത്തിലുണ്ടല്ലോ; ഭൂമി എടുക്കുന്നതിന് 2013-ൽ അന്നത്തെ യു.പി.എ. സർക്കാർ പാസ്സാക്കിയ ലാൻഡ് അക്വിസിഷൻ നിയമത്തിൽനിന്ന് വ്യത്യസ്തമായി വിലപേശി ഒരേ മാർക്കറ്റ് വാല്യു മാത്രം നൽകുമോ; ലാൻഡ് അക്വിസിഷൻ നിയമം നിങ്ങൾ നടപ്പിലാക്കുമോ ഇല്ലയോ? ലാൻഡ് അക്വിസിഷന്റെ നിയമം അനുസരിച്ച് മാത്രമേ ഭൂമി എടുക്കാൻ സാധിക്കുകയുള്ളൂ. നെഗോഷിയേറ്റഡ് പർച്ചേസ്

നടത്താൻ പോലും ലാൻഡ് അക്വിസിഷൻ നിയമപ്രകാരം തടസ്സമുണ്ടാകുന്നുണ്ട്. അത് മാറ്റാൻ സാധിക്കുമോ? എന്തെങ്കിലുമൊക്കെ പ്രചരണം നടത്തി ഇപ്പോൾ നടക്കുന്ന കാര്യങ്ങൾ ഇല്ലാതാക്കരുത്. മസാല ബോണ്ടിന്റെയും മറ്റും പ്രശ്നങ്ങൾ വന്നപ്പോൾ ഏറ്റവും പ്രമുഖരായ വ്യക്തികളോട് ലീഗൽ ഒപ്പീനിയൻ ചോദിച്ചിട്ടുതന്നെയാണ് തർക്കങ്ങളുള്ള കാര്യങ്ങൾ പരിഗണിച്ച് ഞങ്ങൾ മുന്നോട്ടുപോയത്. ശ്രീ. ഫാലി സാം നരിമാൻ ഇന്ത്യയിലെ ഏറ്റവും പ്രമുഖനായ നിയമ വിദഗ്ധനാണ്. അദ്ദേഹമാണ് ഭരണഘടനയുടെ 293(1) അനുച്ഛേദം അനുസരിച്ച് കിഫ്ബി ഒരു സ്വതന്ത്ര കോർപ്പറേറ്റ് സ്ഥാപനമാണെന്നുള്ള നിയമോപദേശം നൽകിയത്. കിഫ്ബി എന്നുപറഞ്ഞാൽ സംസ്ഥാന സർക്കാരല്ലെന്ന കൃത്യമായ ധാരണയുണ്ട്. പക്ഷെ, കിഫ്ബി ലോണെടുക്കുന്നത് സംസ്ഥാന സർക്കാരിനെ ബാധിച്ചതുമുതലാണ് പ്രശ്നം തുടങ്ങിയത്. അന്ന് ആരാണ് കിഫ്ബിയെ തകർക്കാൻ പോയ ചതിയൻ ചന്തു. കേരളത്തെ തകർക്കാൻ ശ്രമിച്ച ചതിയൻ ചന്തു യു.ഡി.എഫ്.-ന്റെ ആളുകളാണ്. ബി.ജെ.പി.-യ്ക്കുവേണ്ടി കേസുമായി പോയത് ആരാണ്; ഇപ്പോൾ ഈ നിയമസഭയിലുള്ള

വക്കീലായ എം.എൽ.എ. ഉൾപ്പെടെ പോയില്ലേ? ഭസ്മാസുരന് വരം കൊടുത്തതുപോലെയാണ് കേരളത്തിലെ ജനങ്ങൾ യു.ഡി.എഫ്.-ന് വോട്ട് നൽകിയത്. കിഫ്ബി ഉൾപ്പെടെ ഉള്ളതെല്ലാം തകർക്കുകയാണ്. ഇന്നലെ ഞാൻ എൽ.പി.എസ്.റ്റി. റാങ്ക് ഹോൾഡേഴ്സ് സമര നേതാവായ ശ്രീമതി വളർമതിയുടെ ഒരു ചിത്രം ഇവിടെ കാണിച്ചു. ഞാൻ അവരുടെ സമരത്തിനെക്കുറിച്ച് കൂടുതൽ കാര്യമൊന്നും പറയുന്നില്ല. കേരളത്തിലെ ജനങ്ങളാണല്ലോ ഇത് കാണുന്നത്; മനോരമ ദിനപത്രത്തിന്റെ ആദ്യ പേജിലാണല്ലോ ഇത് വന്നത്. എനിക്ക് പറയാനുള്ളത്, ഭസ്മാസുരന് വരം കൊടുത്തത് പോലെയാകരുത്, കിഫ്ബിയെ തകർക്കരുത്, ഈ നാട്ടിലെ എല്ലാ സ്ഥലത്തും വികസനങ്ങൾ തുടരണം. ഞാൻ ഇന്നലെ ഒരു ചോദ്യം ചോദിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിന് ചൂടും ചൂരും നൽകാൻ വേണ്ടി മറ്റുള്ള ആളുകളെ കൊണ്ട് സംസാരിപ്പിക്കുകയാണ്. 'ഞങ്ങൾക്ക് 102 അംഗങ്ങളുണ്ട്, ഞങ്ങൾ പറയും' എന്നാണ് നിങ്ങളുടെ നിലപാട്. ഭരണപക്ഷത്ത് 102 അല്ല, 102-ഉം മൂന്നും 105 അംഗങ്ങളുണ്ട്, അതാണ് വസ്തുത. അവർ അങ്ങനെയാണ് കരുതുന്നത്. കിഫ്ബിയുടെ

അടിസ്ഥാനപരമായ കാര്യം എന്താണ്? 25 വർഷം കൊണ്ട് അടച്ചുതീർക്കേണ്ട ലോണെടുത്താൻ ആ തുക 25 വർഷത്തെ പ്ലാൻ വച്ച് തിരിച്ചടച്ചാൽ തീരില്ലേ? നമ്മൾ വീട് പണിയാൻ പോകുമ്പോൾ 50 ലക്ഷം രൂപ ആദ്യം ലോൺ എടുക്കും. ലോൺ എടുത്ത് വീട് നിർമ്മിച്ച് ഇരുപതോ ഇരുപത്തഞ്ചോ വർഷം കൊണ്ട് കടം അടച്ചുതീർക്കും. ഇങ്ങനെ വീട് പണിയുന്നവരൊക്കെ അഴിമതി കാണിക്കുന്നവരാണോ; അങ്ങയുടെയും എന്റെയുമൊക്കെ വീട് ലോൺ എടുത്തല്ലേ നിർമ്മിച്ചത്? ഈ നാട്ടിലെ ലക്ഷക്കണക്കിന് ആളുകളുടെ വീടും മറ്റ് അസറ്റുകളും long time സെക്യൂരിറ്റൈസേഷൻ ആണ്. ഭാവി വരുമാനം securities ചെയ്താണ് ഇതൊക്കെ ഉണ്ടാക്കുന്നത്. ഇതാണ് കിഫ്ബിയുടെ കാഴ്ചപ്പാട്. ഈ പണം എവിടെനിന്ന് കൊടുത്തുതീർക്കുമെന്ന് അദ്ദേഹം ഇവിടെ ചോദിച്ചല്ലേ? യു.ഡി.എഫ്. കേസിന് പോയതിനുശേഷമാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ ലോൺ വിഹിതം ആദ്യമായി വെട്ടിക്കുറയ്ക്കാൻ തുടങ്ങിയത്. യു.ഡി.എഫ്. സംസ്ഥാന സർക്കാരിനെതിരെയാണ് പ്രവർത്തിച്ചത്. 2022 വരെ ഈ വെട്ടിക്കുറയ്ക്കൽ ഉണ്ടായില്ലല്ലോ; രണ്ടാം

പിണറായി സർക്കാർ വന്നതിനുശേഷമാണ് ലോൺ വിഹിതം വെട്ടിക്കുറയ്ക്കാൻ ആരംഭിച്ചത്. അപ്പോഴും ഞങ്ങൾ പദ്ധതി അവസാനിപ്പിക്കാനല്ല തീരുമാനിച്ചത്. ഇതിനെതിരെ ഞങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു. ഈ കേസിന് ഒരു അടിസ്ഥാനമുണ്ടെന്നാണ് കോടതി പറഞ്ഞത്. ഈ കേസ് ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ ആ കേസുമായി നിങ്ങൾ മുന്നോട്ടുപോകുമോ എന്ന് വ്യക്തമാക്കണം. ഇരുപത്തയ്യായിരം കോടി രൂപ നോഷണൽ ലോസ് വന്നുവെന്നാണ് ശ്രീമതി സുധാപിള്ളയുടെ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത്. നിലവിലെ കേസ് മുന്നോട്ട് കൊണ്ടുപോയാൽ നോഷണൽ ലോസ് വരില്ല. ആ 25,000 കോടി രൂപ കൂടി സംസ്ഥാനത്തിന് ലഭിക്കും. ഞങ്ങൾക്ക് യു.ഡി.എഫ്.-ന് ഫണ്ട് ലഭിക്കുന്നതിൽ കണ്ണുകടിയില്ല. രാഷ്ട്രീയമായി എതിർപ്പുണ്ടെങ്കിലും താങ്കൾ ഞങ്ങളുടെകൂടി മുഖ്യമന്ത്രിയാണ്, കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. NHAI-ക്കും മറ്റ് ഏജൻസിക്കും നൽകിയതുപോലെ ആ തുക കേരളത്തിന് തിരികെ ലഭിച്ചാൽ അതുകൊണ്ട്

നേട്ടമുണ്ടാകും. അതുകൊണ്ട് കിഫ്ബിയെ ഇല്ലാതാക്കരുത്. നിങ്ങൾക്ക് ആരോപണം ഉന്നയിക്കാം, കള്ള കേസുകൾ ഫയൽ ചെയ്യാം. നിങ്ങൾ നടപടി എടുക്കുമെന്ന് പറഞ്ഞത് നിങ്ങളുടെ രീതിയാണ്. പക്ഷേ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് നിങ്ങൾ ഇത്രയും കാലമായി എന്ത് ചെയ്യുകയാണ്? 5000 ഏക്കർ ഭൂമി അക്വയർ ചെയ്തത് സംബന്ധിച്ച് പറഞ്ഞു. വിഴിഞ്ഞത്തിന് റിങ് റോഡുണ്ട്. ഇന്നലെ വ്യവസായ വകുപ്പുമന്ത്രി തന്നെ ഇവിടെ പറഞ്ഞു ഓരോ സ്ഥലത്തും വ്യവസായത്തിനാവശ്യമായ ഭൂമിയുണ്ടെന്ന്. അത് നല്ല കാര്യമാണ്. നമ്മുടെ പൂർവ്വികർ അക്വയർ ചെയ്ത ഭൂമിയല്ലേ ഇപ്പോൾ നമ്മൾ ഉപയോഗിക്കുന്നത്; അതിനൊക്കെ വില കുറഞ്ഞോ; തിരുവനന്തപുരത്ത് സെക്രട്ടറിയറ്റിന് മുമ്പിലും മറ്റ് സ്ഥലങ്ങളിലുമുള്ള ഭൂമിക്ക് വില കുറഞ്ഞോ; ആ ഭൂമി ഉപയോഗിക്കാൻ സാധിക്കുമല്ലോ? വ്യവസായം വരാൻ ഭൂമി എടുക്കണം. ഒരു വലിയ എയർപോർട്ട് വരണമെങ്കിൽ അതിനാവശ്യമായ ഭൂമിയുണ്ടാകണം. അല്ലെങ്കിൽ അത് ആരംഭിക്കാൻ സാധിക്കില്ല. പാലക്കാട്, അങ്കമാലി എന്നിവിടങ്ങളിലെ എം.എൽ.എ.-മാർ എൽ.ഡി.എഫ്. അംഗങ്ങൾ അല്ലായിരുന്നതുകൊണ്ട് അവിടെ ഭൂമി ഏറ്റെടുക്കാതിരുന്നില്ല.

രാഷ്ട്രീയമായി ഇക്കാര്യങ്ങൾ കൊണ്ടുപോകകയല്ല വേണ്ടത്. ഈ നയവും തടസ്സവും മാറ്റി നിർമ്മാണം തുടങ്ങണം. പല സ്ഥലങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. അതൊക്കെ സ്തംഭനാവസ്ഥയിലാണ്. ഓരോ എം.എൽ.എ.-മാരും ഇത് അനുഭവിക്കുന്നുണ്ട്. കിഫ്ബിയുടെ പ്രവർത്തനം നിലച്ചുപോയിരിക്കുകയാണ്. അതുകൊണ്ട് അങ്ങനെ ഒരു അവസ്ഥ വരാതെ കാര്യങ്ങൾ ചെയ്യണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറച്ച് കാര്യങ്ങൾകൂടി പറയാമെന്നാണ് പറഞ്ഞത്. ഞാൻ പറയുന്നത് ഇതേക്കുറിച്ച് ഒരു റിപ്പോർട്ട് വന്നതിന്റെ അടിസ്ഥാനത്തിൽ ഒരു ചർച്ചതന്നെ ആകാം. ചർച്ചയിൽനിന്ന് ഒളിച്ചോടാനല്ല ഞങ്ങൾ നിൽക്കുന്നത്. സർക്കാർ ഒളിച്ചോടുന്നുണ്ടോ; നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം എന്നുപറഞ്ഞാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. ഭരണപക്ഷത്തിന് ഇത്രയും അംഗങ്ങളുള്ളതുകൊണ്ട് നിങ്ങൾക്കാണ് ചർച്ചയിൽ കൂടുതൽ സമയം ലഭിക്കുന്നത്. ചർച്ച ചെയ്യാനുള്ള അവസരമുണ്ടാക്കണം. അല്ലാതെ എന്തെങ്കിലും കാര്യങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. കേരളത്തിനുവേണ്ടിയാണ് ഈ സ്കീം. അതുകൊണ്ട് കിഫ്ബി സംബന്ധിച്ച കാര്യങ്ങൾ ചർച്ച

ചെയ്യണമെന്നാണ് പറയുന്നത്. നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ച ചെയ്യണമെന്നാണ് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ഈ നോട്ടീസ് കണ്ടപ്പോൾ ഒരു വാക്ക് വിട്ടുപോയല്ലോ എന്നോർത്ത് ആശ്ചര്യപ്പെട്ടുപോയി. എന്നാൽ വിശദീകരണക്കുറിപ്പ് വായിച്ചപ്പോൾ സമാധാനമായി. 'കോർപ്പറേറ്റ്വൽക്കരണ അജണ്ട'. ഒരു വിദഗ്ധസമിതി സമർപ്പിച്ച റിപ്പോർട്ട് എങ്ങനെയാണ് കോർപ്പറേറ്റ്വൽക്കരണ അജണ്ടയാകുന്നത്? കിഫ്ബിയുടെ കടമെടുപ്പിനെ എതിർത്ത മുൻ ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനെക്കൊണ്ടുതന്നെ നടപടി നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം കൊടുപ്പിച്ചു. അന്ന് അദ്ദേഹം ചെയ്യരുതെന്ന് പറഞ്ഞിരുന്ന ഒരു കാര്യമാണ് Sovereign Guarantee കൊടുക്കരുത് എന്നത്. കിഫ്ബിയെക്കൊണ്ട് കടമെടുപ്പിക്കരുതെന്ന് കുറിപ്പ് നൽകിയ ധനകാര്യ വകുപ്പുമന്ത്രിയാണിത്. അത് കോർപ്പറേറ്റ്വൽക്കരണ അജണ്ടയുടെ ഭാഗമായിരുന്നോ? ഞാൻ പറയട്ടെ... അക്കാര്യം ഈ റിപ്പോർട്ടിലുണ്ടല്ലോ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, (മൈക്ക് ഓഫ്)

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനിപ്പോൾ സംസാരിക്കട്ടെ, അങ്ങേയ്ക്ക് അവസരം നൽകാം.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി തുടർന്ന് സംസാരിക്കൂ..

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്നലെ എന്റെ പ്രസംഗത്തിനിടയിൽ എത്രസമയമാണ് അങ്ങ് സംസാരിച്ചത്? ഞാൻ സംസാരിച്ച് തുടങ്ങിയിട്ടല്ലേയുള്ളൂ. എന്തുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്; സംസ്ഥാനത്തിന്റെ കടമെടുപ്പിനെ ബാധിക്കും എന്നതുതന്നെയാണ് കാരണം. കിഫ്ബി തോന്നിയ പടിശയ്ക്ക്, ധനകാര്യവകുപ്പിനോ സർക്കാരിനോ യാതൊരു നിയന്ത്രണവുമില്ലാതെ പ്രത്യേക സാമ്രാജ്യം പോലൊരു സംവിധാനമുണ്ടാക്കി. ഒരു ഡിപ്പാർട്ട്മെന്റിൽ പ്യൂണിനേയോ ക്ലാർക്കിനേയോ നിയമിക്കണമെങ്കിൽ ധനകാര്യ വകുപ്പിന്റെ അനുമതി വേണ്ടേ; അത് സംസ്ഥാനത്തിന്റെ ലയബിലിറ്റിയല്ലേ? ധനകാര്യവകുപ്പിന്റെ അനുമതില്ലാതെ നൂറ് കണക്കിനാളുകളുടെ നിയമനത്തിനുള്ള അനുമതിയാണ് കിഫ്ബി നൽകിയത്. കൂടാതെ തോന്നിയതുപോലെ ഏത് ഇന്ററസ്റ്റ് റേറ്റിലും ലോൺ എടുക്കാനുള്ള അനുമതിയും കൊടുത്തു. റിപ്പോർട്ടിൽ

സൂചിപ്പിക്കുന്ന കാര്യം- Finance secretary raised the question, Why KIIFB should go for a Masala bond, give the interest would be higher than domestic bond offering; CEO reminded the board members that in its previous domestic offer the cost received was 10.15 percent. എന്നിട്ട് 9.723 percent-ന് കടമെടുത്തു. ഇക്കാര്യം ഫിനാൻസ് സെക്രട്ടറി തന്നെയാണ് ചോദിച്ചിരിക്കുന്നത്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ധനകാര്യവകുപ്പിന്റെ നിർദേശങ്ങളെയെല്ലാം കാറ്റിൽ പറത്തി പുച്ഛത്തോടുകൂടി ഞങ്ങൾ ഇഷ്ടമുള്ളത് ചെയ്യുമെന്ന് പറഞ്ഞാണ് ഇതെല്ലാം ചെയ്തത്. അതാണ് റിപ്പോർട്ടിലുള്ളത്. ആ റിപ്പോർട്ട് ഒരു ഗവൺമെന്റിന് ഷോക്കിങ്ങാണ്. അത് ഞങ്ങൾ അനുവദിച്ച് കൊടുക്കണമെന്നാണോ നിങ്ങൾ പറയുന്നത്? ഞങ്ങളത് അനുവദിക്കില്ല. ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കും കിഫ്ബി. അതായത് ഈ സർക്കാരിന്റെ നിയന്ത്രണത്തിൽ. അങ്ങനെയൊരു എംപയറുണ്ടാക്കാൻ ആരെയും അനുവദിക്കില്ല. അന്നത് നോക്കി നിന്ന ആളാണ് ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി. ഇപ്പോൾ 70,000/- കോടിയോളം രൂപ

കൊടുക്കേണ്ടിവരുമെന്നാണ് സൂചിപ്പിക്കുന്നത്. 25 വർഷം കൊണ്ട് കൊടുത്താൽ മതിയെന്നാണ്. 25 വർഷം കൊണ്ട് കൊടുത്താൽ മതിയാകുമോ; കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് കൊടുക്കുന്ന 3,000/- മുതൽ 4,000/- കോടിയോളം രൂപകൊണ്ട് കിഫ്ബിയുടെ കടം തീർക്കാൻ കഴിയുമോ; അതിന് വേറെ കടമെടുക്കണം. തുടർന്ന് എല്ലാ വർഷവും 10,000/- മുതൽ 12,000/- കോടിയോളം രൂപ നമ്മുടെ കടമെടുപ്പിന്റെ പരിധിയിൽ നിന്നും കുറയ്ക്കുകയാണ്. ഇതെല്ലാം അങ്ങേയ്ക്ക് അറിയാവുന്ന കാര്യങ്ങളാണ്. നാലാമത്തെ ക്വാർട്ടറാകുമ്പോൾ ഗവൺമെന്റ് ശ്വാസം മുട്ടുകയാണ്. അങ്ങ് ശ്വാസം മുട്ടിയല്ലോ. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ രണ്ടുമൂന്ന് അവസാന ക്വാർട്ടർ വന്നപ്പോൾ അങ്ങേയ്ക്ക് ശ്വാസം മുട്ടിയില്ലേ; നാലാമത്തെ ക്വാർട്ടർ വരുമ്പോൾ ധനകാര്യ വകുപ്പിന് ശ്വാസം മുട്ടും. കാരണം കടമെടുക്കാൻ കഴിയില്ല. 12,000 കോടിയോളം രൂപ കടമെടുക്കാവുന്നതിൽ നിന്നും കട്ട് ചെയ്യുകയാണ്. ഒരു ഫിനാൻഷ്യൽ ഇയർ അവസാനമാകുമ്പോൾ പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥയാകും. ഇത്തരത്തിലുള്ള അബദ്ധങ്ങൾ മുഴുവൻ ചെയ്തിരിക്കുകയാണ്. ഒരു കാര്യം

കൂടി സൂചിപ്പിക്കാം. അടിസ്ഥാന സൗകര്യവികസനത്തിന്റെ ഒറ്റമൂലിയാണ് കിഫ്ബി, വിദേശത്തുനിന്നും ആളുകൾ വന്നാൽ ഞെട്ടിപ്പോകും എന്നാണ് പറയുന്നത്. കിഫ്ബി വരുന്നതിന് മുമ്പ് കുറേ കാര്യങ്ങൾ ഇവിടെ ചെയ്തിട്ടുണ്ട്. അതൊക്കെയാണ് ആളുകൾ ഇപ്പോഴും കാണുന്നത്. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് (CIAL) - അതാണ് കേരളത്തിന്റെ വിസ്മയം. എത്ര വർഷം മുമ്പാണ് അത് ചെയ്തത്. കൂടാതെ 'ഗോശ്രീ പാലങ്ങൾ' , ഇതിൽ നിർണ്ണായക പങ്ക് വഹിച്ച വ്യക്തിയാണ് മുൻ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ. കലൂർ - ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്റ്റേഡിയമാണ്. ഇത് കിഫ്ബി മുഖേനയാണോ ചെയ്തത്; അല്ലല്ലോ? തിരുവനന്തപുത്തെ ടെക്നോപാർക്ക്, കൊച്ചിയിലെ ഇൻഫോപാർക്ക്, കൊച്ചി മെട്രോ ...(ബഹളം).. ഇതൊന്നും കേട്ട് ബഹളമുണ്ടാക്കരുത്.. കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം തുറമുഖം. . (ബഹളം)...

മി.സ്പീക്കർ: പ്ലീസ്.. പ്ലീസ്.. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ..

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾ എന്തുതന്നെ ബഹളമുണ്ടാക്കിയാലും ഞാൻ എല്ലാകാര്യങ്ങളും പറഞ്ഞിട്ടേ അവസാനിപ്പിക്കുകയുള്ളൂ. വിദേശത്തുനിന്നും ഒരാൾ കേരളത്തിലേക്ക് വന്നാൽ വിസ്മയം കൊള്ളുന്നത് ഞാൻ ഇപ്പോൾ പറഞ്ഞ കാര്യങ്ങളൊക്കെ കണ്ടിട്ടാണ്. മെഡിക്കൽ കോളേജിന്റെ വികസനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളും ഇതിലുണ്ട്. ഇതൊന്നും കിഫ്ബിയുടെ ഭാഗമായിട്ടായിരുന്നില്ല. പിന്നെ ഇതിലുള്ള വിവേചനത്തെ സംബന്ധിച്ചും സൂചിപ്പിക്കാം. കഴിഞ്ഞ അഞ്ച് വർഷക്കാലം പ്രതിപക്ഷ നേതാവായിരുന്ന വ്യക്തിയാണ് ഞാൻ. 2018-ൽ എനിക്ക് എന്റെ നിയോജകമണ്ഡലത്തിലെ പാലത്തിന് കിഫ്ബിയുടെ അനുവാദം ലഭിച്ചു. എന്നാൽ അതിന്റെ എ.എസ്. ലഭിച്ചത് ഈ സർക്കാർ അധികാരത്തിലെത്തിയപ്പോഴാണ്. എനിക്ക് എല്ലാ വർഷവും സ്കൂൾ കെട്ടിടത്തിന് ഒരുകോടി വീതം ഫണ്ട് അനുവദിച്ചിട്ടുണ്ട്. എല്ലാ വർഷവും ഏതെങ്കിലുമൊരു സ്കൂൾ കെട്ടിടത്തിനായി ഞാൻ എഴുതിക്കൊടുക്കും. അങ്ങനെ ആറേഴ് കോടിയോളം രൂപ അനുവദിച്ചുകിട്ടിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിന് തൊട്ടപ്പുറത്തെ നിയോജകമണ്ഡലമായ

കളമശ്ശേരിയിൽ 800 കോടിയോളം രൂപയാണ് കൊടുത്തിട്ടുള്ളത്. കഴിഞ്ഞ ഇടതുപക്ഷസർക്കാരിലെ വ്യവസായ വകുപ്പുമന്ത്രിയുടെ മണ്ഡലമായിരുന്നു അത്. പ്രതിപക്ഷനേതാവായിരുന്ന എന്റെ നിയോജകമണ്ഡലത്തിന് തൊട്ടടുത്ത നിയോജകമണ്ഡലമാണത്. എനിക്ക് നൽകിയിരുന്നത് സ്കൂൾ കെട്ടിടം പണിയുന്നതിനുവേണ്ടി എല്ലാ വർഷവും ഓരോ കോടി രൂപ വച്ചാണ്. തീർത്തും വിവേചനം ആയിരുന്നു. സ്ഥലം ഏറ്റെടുപ്പിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിരുന്നു. നിങ്ങൾ സ്ഥലം എടുക്കണമെന്നുതന്നെയാണ് ഞങ്ങൾ പറഞ്ഞത്. നിങ്ങൾ വിഴിഞ്ഞത്തും കൊച്ചിയിലും അയ്യമ്പുഴയിലുമൊന്നും സ്ഥലമേറ്റെടുപ്പ് നടത്തിയിട്ടില്ല. മുൻ ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾക്കുടി ശ്രദ്ധിക്കണം. കോഴിക്കോട് സ്ഥലമെടുത്തിട്ടില്ല. കണ്ണൂരിൽ നിന്നും സ്ഥലമെടുത്തെന്ന് പറയുന്നു. 1000 ഏക്കർ എടുക്കാൻ തീരുമാനിച്ചശേഷം പിന്നെന്തിനാണ് ആ കുറിപ്പുമാറ്റി 5200 ഏക്കർ എന്നാക്കി മാറ്റിയത്; അതേത്തുടർന്ന് എന്താണ് ചെയ്തത്? നിങ്ങൾ ഇതിന്റെ ബാധ്യത മനസ്സിലാക്കണം. ഏകദേശം 1000 ഏക്കർ എടുത്തുകഴിഞ്ഞിട്ടുണ്ട്. 12,000 കോടി രൂപയ്ക്ക് 3896 ഏക്കർ, അതായത്

ഏകദേശം 4000 ഏക്കറിന് ഏറ്റെടുക്കുന്നതിന് 11(1) നോട്ടിഫിക്കേഷൻ കൊടുത്തിരിക്കുകയാണ്. 2021-ലാണ് 11(1) നോട്ടിഫിക്കേഷൻ കൊടുത്തത്. ആറ് വർഷമായിട്ടും സ്ഥലം ഏറ്റെടുത്തിട്ടില്ല. ഓരോ വർഷവും പന്ത്രണ്ട് ശതമാനത്തോളം പലിശ ഇനത്തിൽ വരികയാണ്. ഇപ്പോൾ അത് ഏറ്റെടുക്കുകയാണെങ്കിൽ 15,000/- കോടി രൂപയിൽ അധികമാകും. കൂടാതെ ആയിരം കോടി രൂപയിൽ ഏറ്റെടുത്ത സ്ഥലത്ത് യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല. അവിടെ ഒരു കാര്യവും നടന്നിട്ടില്ല.

കോടതിയിൽ ആരോ കേസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂരിലെ ഈ സ്ഥലമെറ്റെടുപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി ഹൈക്കോടതിക്ക് നൽകിയ റിപ്പോർട്ടിൽ പറയുന്നത് "On verifying the report furnished by the Geologist, it is seen that the depth of mining/quarrying varied largely from 1.0 metre to 10.0 metre in many areas and he has mentioned the depth of mining in each LACs." ഈ ഏറ്റെടുത്ത സ്ഥലത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഒരു മീറ്റർ മുതൽ 10 മീറ്റർ വരെ ആഴത്തിൽ മൈനിങ്

നടത്തിയിരിക്കുകയാണ്. ക്വാറിയായിരുന്നു. എന്നിട്ട് "Apart from this, the expert members have also observed in their report that there has been dumping of quarry wastes and debris including plastics and other wastes in certain localities, which are unfit for construction in the present condition. The expert team in this report, has categorically stated that such lands, filled or unfilled after quarrying/mining, should be categorised under 'value-degraded lands', especially when the land is filled with debris and wastes." അതായത് ബാക്കിയുള്ള സ്ഥലത്ത് ക്വാറിയിങ് നടത്തിയിട്ട് അവിടെ ചെളിയും വേസ്റ്റും നിറച്ചിരിക്കുകയാണ്. 1000 ഏക്കറിലെ വിവിധ സ്ഥലങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുകയാണ്. (ബഹളം...) എക്സ്പെർട്ട് കമ്മിറ്റി നൽകിയിരിക്കുന്ന ഫോട്ടോ കണ്ടോ; എന്തിനാണ് ബഹളമുണ്ടാക്കുന്നത്? ഈ സ്ഥലത്തെക്കുറിച്ചുള്ള ഹൈക്കോടതി നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടാണ്. കേൾക്കുമ്പോൾ വിഷമം വരും. ഈ സ്ഥലം മോർട്ട്ഗേജ് ചെയ്യാമെന്നാണ് പറയുന്നത്. മോർട്ട്ഗേജ് ചെയ്യാൻ പോയപ്പോൾ ഈ സ്ഥലത്തിന് നൽകിയ

വിലയുടെ അഞ്ചിൽ ഒന്ന് നൽകാൻ ബാങ്കുകൾ തയ്യാറായില്ല. (ബഹളം..) നിങ്ങൾ ഏറ്റെടുത്ത ഭൂമിയെക്കുറിച്ച് ഞാൻ പറയുമ്പോൾ ബഹളമുണ്ടാക്കുന്നത് എന്തിനാണ്? ഒരു കാര്യം കൂടി പറയാം. ഞാൻ കഴിഞ്ഞ ദിവസം കോഴിക്കോട് പോയപ്പോൾ സർക്കാർ ഒരു പദ്ധതിക്കുകൂടി അംഗീകാരം നൽകിയിട്ടുണ്ടെന്ന് പറഞ്ഞു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റേഷൻ (KIOTT) എന്നത് കിഫ്ബിയിൽ വന്ന 272 കോടി രൂപയുടെ പദ്ധതിയാണ്. കഴിഞ്ഞ സർക്കാരിന്റെ നേട്ടം ഞാൻ അവകാശപ്പെട്ടുവെന്ന് പറഞ്ഞ് മുൻ ആരോഗ്യ മന്ത്രിയടക്കം ഭയങ്കര ബഹളമുണ്ടാക്കി. ഞാൻ അത് പറയാൻ പാടില്ലെന്നും അതിന് മുൻമുഖ്യമന്ത്രി ഫെബ്രുവരിയിൽ കല്ലിട്ടതാണെന്നുമാണ്. ഫെബ്രുവരിയിൽ കല്ലിട്ട പദ്ധതിയുടെ ടെൻഡർ വാല്യുവേഷൻ കഴിഞ്ഞത് ഏപ്രിൽ 22-ാം തീയതിയിലാണ്. മേയ് രണ്ടാമത്തെ ആഴ്ചയിലാണ് ടെൻഡർ പ്രോസസ്സ് പൂർത്തിയായത്. നമ്മുടെ സർക്കാർ വന്നതിനുശേഷം ആഗസ്റ്റ് 13-ാം തീയതിയാണ് കിഫ്ബിയുടെ സാങ്ഷൻ നൽകിയത്. സെപ്റ്റംബർ 28-ാം

തീയതിയാണ് വർക്ക് ഓർഡർ നൽകിയത്. ആ പദ്ധതിക്കാണ് ഫെബ്രുവരിയിൽ കല്ലിട്ടത്. (ബഹളം..) എന്നെ തടസപ്പെടുത്തിയാൽ നിങ്ങളാരും സംസാരിക്കില്ലെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. നിങ്ങൾ ബഹളമുണ്ടാക്കി എന്നെ തടസപ്പെടുത്തിയാലും ഞാൻ സംസാരിച്ചതിനുശേഷം മാത്രമേ പോകൂ. ഇതാണ് ഇവർ നടത്തിയത്. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഈ കിഫ്ബിയിൽ ... (ബഹളം)

മി. സ്പീക്കർ: യെസ് ..... യെസ്.....പ്ലീസ്.... പ്ലീസ്... ശ്രീ. പ്രവീൺ, ശ്രീ. അൻവർ സാദത്ത് ....ശാന്തരാകൂ..... മുഖ്യമന്ത്രി സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: ഒരു കാര്യം കൂടി പറഞ്ഞുതരാം. ഈ കിഫ്ബി സംവിധാനം സംസ്ഥാനത്തിനുണ്ടാക്കിയ ബാധ്യത എന്താണെന്ന് അറിയാമോ? 3 വർഷം തുടർച്ചയായി പ്ലാൻ ഫണ്ട് 30,000/- കോടി രൂപയായിരുന്നു. കാരണം സർക്കാരിന് കിഫ്ബി ഉണ്ടാക്കിയിരിക്കുന്ന ബാധ്യത കാരണം പ്ലാൻ ഫണ്ട് ഉയർത്താൻ സാധിക്കില്ല. കോവിഡ് കാലത്തല്ലാതെ ഏതെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് പ്ലാൻ ഫണ്ട് വർധിപ്പിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; പട്ടികജാതി

വിഭാഗത്തിന് തുടർച്ചയായി മൂന്നുവർഷവും 3000/- കോടി രൂപയാണ് നീക്കിവച്ചത്, അവർക്ക് തുക വർധിപ്പിച്ചില്ലെന്ന് മാത്രമല്ല അത് വെട്ടിക്കുറച്ചു. 30000/- കോടി രൂപയുടെ പ്ലാൻഫണ്ടിൽനിന്നും 50 ശതമാനം വെട്ടികുറയ്ക്കുകയാണ് ചെയ്തത്. അതായത് അവസാന പാദത്തിൽ പ്ലാൻ സൈസ് കട്ട് ചെയ്യുകയാണ്, അത് അവതരിപ്പിച്ച പാവം മനുഷ്യൻ അവിടെ ഇരിക്കുകയാണ്. അദ്ദേഹമാണ് വിഷമിച്ചത്. ശ്വാസം മുട്ടിയത് എനിക്കറിയാം. ഞാൻ അന്ന് അപ്പുറത്ത് ഇരിക്കുകയല്ലേ. നാലാമത്തെ ക്വാർട്ടറിൽ ഒന്നും ചെയ്യാൻ സാധിക്കാതെ വിഷമിക്കുകയാണ്. അപ്പോൾ എന്ത് ചെയ്യും? 30000/- കോടി രൂപയുടെ പ്ലാൻ സൈസ് 50 ശതമാനം വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. സർക്കാരിനെ ഈ അവസ്ഥയിൽ കൊണ്ടെത്തിച്ചതിൽ കിഫ്ബിക്ക് വലിയ പങ്കുണ്ട്. കേരളത്തിന്റെ ധനസ്ഥിതിയെ/ഫിസ്കൽ സ്ട്രക്ചറിനെ തകർത്ത് തരിപ്പണമാക്കി. നിങ്ങൾ എന്തിനാണ് ഇങ്ങനെയൊരു ഇൻഡിപെൻഡന്റ് എംപയറിനെ അനുവദിച്ചത്. ലക്ഷക്കണക്കിന് രൂപയാണ് ശമ്പളമായി നൽകിയത്. ഞാൻ ഇന്നലെ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. നമ്മുടെ ചീഫ് സെക്രട്ടറി

വാങ്ങുന്നതിനെക്കാൾ കൂടുതൽ തുക ശമ്പളം നൽകിയാണ് ആളുകളെ നിയമിച്ചത്, റിട്ടയർ ചെയ്ത ആളുകളെയും ഇഷ്ടക്കാരെയും കുത്തിനിറച്ചു. എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ), എന്നിട്ട് വർക്കിന് സ്പീഡുണ്ടോ? പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും എത്രപേർ ഇവിടെ സബ്മിഷൻ കൊണ്ടുവന്നു. ഏഴ് വർഷമായിട്ടും ഡി.പി.ആർ. പോലും നൽകിയിട്ടില്ല. പിന്നെ ഒരു 5,900 കോടി രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ടെൻഡർ ഒന്നുമില്ലാതെ അവർക്ക് വർക്ക് കൊടുക്കുകയാണ്. അവരുടെ എസ്റ്റിമേറ്റ് അനുസരിച്ച് അവർതന്നെയാണ് ഡി.പി.ആർ, ഡിസൈൻ എന്നിവ തയ്യാറാക്കുന്നത്. അതൊക്കെ കൃത്യമായും അന്വേഷിക്കപ്പെടും. ഇത് സംസ്ഥാനത്തിന്റെ ഖജനാവിൽ നിന്നുണ്ടായിരിക്കുന്ന ചോർച്ചയാണ്. ഖജനാവ് കൊള്ളയടിക്കുന്നതിന് തുല്യമായ ചോർച്ച. സാധാരണക്കാരൻ നൽകുന്ന, ഞാനും നിങ്ങളും നൽകുന്ന നികുതിപ്പണം കൊള്ളയടിച്ചിട്ടാണ് നിങ്ങൾ ഇവിടെ കിഫ്ബിയെ തകർത്തുവെന്ന ആരോപണവുമായി വന്നിരിക്കുന്നത്. അതെല്ലാം അന്വേഷിക്കപ്പെടും. ഉത്തരവാദികളായ

ആളുകൾ ആരായാലും അവരെ വെറുതെ വിടുന്ന പ്രശ്നമില്ല. ഈ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ തകർത്ത സംവിധാനമാണ് കിഫ്ബി. അതുകൊണ്ട് കിഫ്ബിയുടെ പ്രവർത്തനങ്ങളെ സ്തംഭിപ്പിച്ചുവെന്ന് പറയുന്നതിന് ഒരു പ്രസക്തിയുമില്ല. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 50 പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

ശ്രീ. പിണറായി വിജയൻ: സർ, കിഫ്ബി എന്ന് കേൾക്കുമ്പോൾതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ മുതൽ ഒരു വിപ്രതിപത്തി പ്രകടിപ്പിക്കാറുണ്ട്. മുഖ്യമന്ത്രി എന്തോ കടുംവെട്ട് നടത്തിയെന്ന് പറയുന്നുണ്ടല്ലോ? .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ് .....പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ.

Adjournment Motion

ശ്രീ. പിണറായി വിജയൻ: കിഫ്ബി രൂപീകരിച്ചതുമുതൽ ഇപ്പോഴത്തെ മുഖ്യമന്ത്രി സ്വീകരിച്ചുവരുന്ന നിലപാടുകൾ കേരളത്തിന് അറിയാവുന്ന കാര്യമാണ്. ഏതാണ് സത്യമെന്നും അസത്യമെന്നും നമുക്ക് മനസിലാക്കാൻ സാധിക്കും. ഇവിടെ അതിന്റെ ഭാഗമായി ശ്രീമതി സുധാ പിള്ളയുടെ നേതൃത്വത്തിലുള്ള ഒരു സമിതിയെ സർക്കാർ നിയമിച്ചു. ആ സമിതി ഇപ്പോൾ ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. കേരള വികസന ചരിത്രത്തിലെ ഏറ്റവും വലിയ പിന്തിരിപ്പൻ രേഖയാണ് സുധാ പിള്ള കമ്മിറ്റി അവതരിപ്പിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചതുപോലെ കിഫ്ബിയെ സങ്കേതികമായി ഇല്ലാതാക്കാനുള്ള നീക്കങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ നാം കാണേണ്ട കാര്യം നമ്മുടെ സംസ്ഥാനം ഏറ്റവും വിപുലമായ ജനകീയ വികസന മാതൃക സൃഷ്ടിച്ച സംസ്ഥാനമാണ്. ആ ജനകീയ വികസന മാതൃക തകർത്ത് കേന്ദ്രസർക്കാരിന്റെ കോർപ്പറേറ്റുവൽക്കരണ നയങ്ങൾക്കും അവരുടെ അജണ്ടകൾക്കും അടിയറവയ്ക്കാനുള്ള നീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. കോർപ്പറേറ്റ് വൽക്കരണം എന്ന വാക്ക് കേൾക്കുമ്പോൾത്തന്നെ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തോ വിഷമമുണ്ടെന്നാണ് തോന്നുന്നത്, നേരത്തെ അദ്ദേഹം ഇത് വ്യക്തമാക്കുകയുണ്ടായി. KIIFB (Kerala Infrastructure Investment Fund Board) രൂപീകരിച്ച സാഹചര്യം നമ്മൾ ഓർക്കുന്നത് നല്ലതാണ്. വലിയ സാമ്പത്തിക പ്രയാസമനുഭവിക്കുന്നതും ചില ഘട്ടങ്ങളിൽ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്നതുമായ സംസ്ഥാനം വലിയ തോതിൽ വികസനപ്രവർത്തനങ്ങൾക്ക് സാമ്പത്തികശേഷിയില്ലാതെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. റവന്യൂ ചെലവുകൾ വലിയതോതിൽ വർധിക്കുന്നുവെന്ന് പൊതുവെ ഒരു വിമർശനം ഉയർന്നുവരാറുണ്ട്. യഥാർഥത്തിൽ നമ്മുടെ സംസ്ഥാനം നടപ്പാക്കിയ ഒരു വികസന മോഡലുണ്ട്. ആ വികസന മോഡൽ നിലനിർത്താനുള്ള അടിസ്ഥാന ചെലവുകൾ നമുക്ക് നിർവഹിച്ചേ മതിയാകൂമായിരുന്നുള്ളൂ. നമ്മുടെ സ്കൂളുകൾ, ആശുപത്രികൾ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ തുടങ്ങിയ കാര്യങ്ങളിലുണ്ടാകുന്ന ചെലവുകൾ സ്വാഭാവികമായും റവന്യൂ ചെലവുകളുടെ ഭാഗമായാണ് വരുന്നത്. ഇതോടൊപ്പം നമുക്ക് വലിയ തോതിൽ തുക ചെലവഴിക്കേണ്ട മറ്റ് രംഗങ്ങളുമുണ്ട്. നമ്മുടെ നാട്ടിലെ

റോഡുകൾ, പുതിയതായി വരേണ്ട പാലങ്ങൾ, നിലവിലുള്ള ആശുപത്രികളെ മെച്ചപ്പെടുത്തൽ, ക്ലാസ് മുറികളിൽ ഡിജിറ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, വലിയ തോതിലുള്ള പശ്ചാത്തല സൗകര്യങ്ങളൊരുക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് നമ്മുടെ ബജറ്റിൽ പണം കണ്ടെത്തുന്നത് വലിയ പ്രയാസമായിരുന്നുവെന്നുള്ളത് ഒരു വസ്തുതയല്ലേ? ഈ പണം എങ്ങനെ കണ്ടെത്തുമെന്നതാണ് സംസ്ഥാനം നേരിട്ട ഗൗരവമായ പ്രശ്നം. ആവശ്യം വളരെ കൂടുതലും നമ്മുടെ കൈവശമുള്ള പണം വളരെ കുറവുമായിരുന്നു. ബജറ്റിന്റെ ഭാഗമായി അവതരിപ്പിക്കുന്ന കാര്യങ്ങളിൽ വലിയ തോതിൽ പരിമിതികളുണ്ടായിരുന്നു. ഇതിനൊരു പരിഹാരം എന്താണ്; ബദൽ മാർഗം എന്താണ്? ഈ ആലോചനയുടെ ഭാഗമായാണ് കിഫ്ബിയെ പുനരുജ്ജീവിപ്പിക്കാൻ തയ്യാറായത്. ചില അഭിപ്രായവ്യത്യാസങ്ങളുണ്ടായെങ്കിലും അവസാനം ഈ സഭ അന്ന് ഐകകണ്ഠ്യേന കിഫ്ബിയെ അംഗീകരിക്കുന്ന നിലപാട് സ്വീകരിച്ചു. ഇതിന്റെ ഫലം നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചിട്ടില്ലേ? ഇപ്പോൾ കിഫ്ബിയെക്കുറിച്ച് ധാരാളം ആക്ഷേപങ്ങളാണല്ലോ ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഉന്നയിച്ചത്. കിഫ്ബി യാഥാർഥ്യമാകുന്നതിനുമുമ്പ് 2013-2016 കാലത്ത് നമ്മുടെ മൂലധന ചെലവ് 7.6 ശതമാനമായിരുന്നു. പക്ഷേ കിഫ്ബി യാഥാർഥ്യമായതിനുശേഷം മൂലധന ചെലവ് 11 ശതമാനമായി ഉയർന്നു. ഇത്തരം കാര്യങ്ങളിൽ പ്രകടമായ വ്യത്യാസം കിഫ്ബിയുടെ ഭാഗമായി ഉണ്ടായെന്നല്ലേ നമുക്ക് കാണാൻ സാധിക്കുന്നത്. നമ്മുടെ അടിസ്ഥാന സൗകര്യവികസന രംഗത്ത് ഉണ്ടാക്കിയ കുതിപ്പിൽ കിഫ്ബി പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ കിഫ്ബിയുടെ ഈ പങ്ക് സുധാ പിള്ള കമ്മിറ്റി ശരിയായവിധം കാണാതെ കിഫ്ബിയെ ആകെ അപഹസിക്കുന്ന നിലപാടാണല്ലോ സ്വീകരിച്ചത്. പ്രസ്തുത കമ്മിറ്റി കിഫ്ബിയെ അളക്കുന്നത് ലാഭം മാത്രം ലക്ഷ്യം വയ്ക്കുന്ന വാണിജ്യ വായ്പാ സ്ഥാപനങ്ങളുടെ അളവുകോൽ വച്ചുകൊണ്ടാണ്. കിഫ്ബിയെപ്പോലെയുള്ള ഒരു സ്ഥാപനത്തെ അങ്ങനെയാണോ വിലയിരുത്തേണ്ടത്? നമ്മുടെ സംസ്ഥാനത്തെ പള്ളിക്കൂടങ്ങൾക്കും ആശുപത്രികൾക്കുംവേണ്ടി ചെലവഴിക്കുന്ന പണം ലാഭമുണ്ടാക്കാൻ വേണ്ടിയാണോ; അത് നമ്മുടെ സമൂഹത്തിന് വേണ്ടിയുള്ള നിക്ഷേപമല്ലേ; അതിനെ ലാഭത്തിന്റെ കണ്ണിലൂടെയാണോ കാണേണ്ടത്?

നാം ശ്രദ്ധിക്കേണ്ട കാര്യം, കേന്ദ്ര ഗവൺമെന്റ് രാജ്യത്താകെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയമാണ്. അത് കടുത്ത സ്വകാര്യവൽക്കരണമാണ്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന സ്വകാര്യവൽക്കരണ മോഡലിലേക്ക് കേരളവും നീങ്ങുന്നുവെന്നതാണ് ഇതെല്ലാം നൽകുന്ന സൂചന. 61,678 കോടി രൂപയുടെ നഷ്ടവും 70,415 കോടി രൂപയുടെ ബാധ്യതയും കിഫ്ബി ഉണ്ടാക്കിയിരിക്കുന്നുവെന്നാണ് സുധാ പിള്ള കമ്മിറ്റി എടുത്തുപറയുന്ന ഒരു കാര്യം. ഇക്കാര്യത്തിന് വലിയ തോതിലുള്ള പ്രചരണം നമ്മുടെ നാട്ടിൽ ലഭിക്കുകയും ചെയ്തു. ഇപ്പോഴത്തെ സർക്കാർ ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു വാദഗതിയാണ് സുധാ പിള്ള കമ്മിറ്റി അവതരിപ്പിച്ചതായി കാണുന്നത്. വായ്പയെടുത്ത് നാടിനുവേണ്ട ആസ്തികൾ സൃഷ്ടിച്ചാൽ എങ്ങനെയാണ് അതിനെ നഷ്ടമായി കണക്കാക്കാൻ സാധിക്കുക? ഇവിടെ കേന്ദ്ര ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ സുധാ പിള്ള കമ്മിറ്റിയും ഇക്കാര്യങ്ങൾ വളരെ വിശദമായി ഒരിക്കൽക്കൂടി ആവർത്തിച്ചുപറയാൻ തയ്യാറായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കണ്ടില്ല. കേന്ദ്ര ഗവൺമെന്റ് എന്താണ് ചെയ്തത്; കേന്ദ്ര ഗവൺമെന്റ് വായ്പാ പരിധി

വെട്ടിക്കുറച്ചുവെന്ന ഒരു കാര്യം അദ്ദേഹം സൂചിപ്പിച്ചു. 25,932 കോടി രൂപ വായ്പാ പരിധിയിൽനിന്നും വെട്ടിക്കുറച്ചു. വായ്പാ നയ നിയന്ത്രണം കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയത് എപ്പോഴാണ്? 2022-ലാണ് വായ്പാ നയ നിയന്ത്രണം കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയത്. 2016-ലാണ് കിഫ്ബി ഇവിടെ പുനരുജ്ജീവിപ്പിക്കപ്പെടുന്നതെന്നത് അങ്ങ് ഓർക്കുന്നുണ്ടാകും. അന്ന് മുതലുള്ള കാര്യങ്ങൾക്ക് 2022-ൽ പിൽക്കാല പ്രാബല്യം കൊടുക്കുകയാണ് ചെയ്തത്. ഇക്കാര്യം സാധാരണഗതിയിൽ സുധാ പിള്ള കമ്മിറ്റി കാണേണ്ടതായിരുന്നു. എന്നാൽ, അവർ കണ്ട ഭാവം നടിച്ചില്ല. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച തെറ്റായ സമീപനത്തിനെതിരെ ഒരക്ഷരംപോലും ഇതിന്റെ ഭാഗമായി പറയാൻ തയ്യാറായില്ല. സംസ്ഥാനത്തിന് സ്വയംഭരണാവകാശമുണ്ടെന്ന് നമ്മുടെ ഭരണഘടന ഉറപ്പ് നൽകുന്നതാണ്. എന്നാൽ, സാമ്പത്തിക സ്വയം ഭരണാവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ് ഉണ്ടായിരിക്കുന്നത്. സാമ്പത്തിക സ്വയംഭരണാവകാശവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിയമസഭയ്ക്ക് തീരുമാനിക്കാവുന്നതാണ്. അതിലേക്കുള്ള കടന്നുകയറ്റമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. കേന്ദ്ര

സർക്കാരിന്റെ നയത്തിന് കീഴടങ്ങുന്ന നിലപാടാണ് ഇവിടെ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ നടപടി തീർത്തും ഭരണഘടനാവിരുദ്ധമാണ്. അതുകൊണ്ടാണ് നേരത്തെ ഉപക്ഷേപ അവതാരകൻ ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നടക്കുന്ന നിയമപോരാട്ടത്തിന്റെ കാര്യം കൃത്യമായി പറഞ്ഞത്. ഈ വാദഗതികളും സുധാ പിള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ സ്വീകരിച്ച സമീപനവും സുപ്രീം കോടതിയിലെ കേരളത്തിന്റെ വാദഗതിയെ ദുർബലപ്പെടുത്താൻ ഇടയാക്കുന്ന ഒന്നാണ്. ഇതാണ് സുധാ പിള്ള കമ്മിറ്റിയും മുഖ്യമന്ത്രിയും സ്വീകരിക്കുന്നതെന്നത് നാം ഗൗരവമായി കാണേണ്ടതാണ്. ഇവിടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വല്ലാത്തൊരു പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണല്ലോ മുഖ്യമന്ത്രി ബോധപൂർവം നടത്തിയത്. ഇപ്പോഴും അത് ആവർത്തിക്കുകയുമാണ്. കിഫ്ബി വിതരണം ചെയ്ത തുകയുടെ 5.9 ശതമാനമാണ് ഭൂമി ഏറ്റെടുക്കലിനുവേണ്ടി ചെലവഴിച്ചത്. ഇവിടെ കിഫ്ബി എന്ന സ്ഥാപനമല്ലല്ലോ ഭൂമി ഏറ്റെടുക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നത് റവന്യൂ

വകുപ്പാണെന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ. ഭൂമി ഏറ്റെടുക്കലിന്റെ അടിസ്ഥാനം എന്താണ്; 2013-ൽ അന്നത്തെ യു.പി.എ. സർക്കാർ കൊണ്ടുവന്ന ഭൂമി ഏറ്റെടുക്കൽ നിയമമാണ്. ആ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ ഭാഗമായി, മൊത്തമായി ലഭിക്കുന്ന നഷ്ടപരിഹാരത്തുക കമ്പോളവിലയുമായി താരതമ്യം ചെയ്യാൻ പറ്റുമോ; അക്കാര്യം അറിയാത്തവരായി ആരും ഇവിടെ ഉണ്ടാവില്ലല്ലോ. വലിയ തുക തന്നെയാണല്ലോ വരുന്നത്. അത്തരത്തിലുള്ള ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ലഭിക്കുന്ന വില കമ്പോളവിലയുമായി താരതമ്യം ചെയ്യുന്നത്, മിതമായി പറഞ്ഞാൽ അസംബന്ധമല്ലേ; അത്തരമൊരു നിലപാട് സുധാ പിള്ള കമ്മിറ്റി സ്വീകരിക്കാൻ പാടുണ്ടോ; കാര്യങ്ങളെക്കുറിച്ച് അവഗാഹമായി ചിന്തിക്കുന്നയാളാണെന്ന് അവകാശപ്പെടുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി. ഡി. സതീശൻ അത്തരത്തിൽ ചിന്തിക്കാൻ പാടുണ്ടോ; വസ്തുതാവിരുദ്ധമായ കാര്യങ്ങളിലേക്ക് പോകരുതല്ലോ.

മി. സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കാൻ ഇനി എത്ര സമയം കൂടി വേണം?

ശ്രീ. പിണറായി വിജയൻ: വളരെ കൂടുതൽ സമയം വേണം. അങ്ങ് എത്ര സമയമാണോ അനുവദിക്കുന്നത് അതിൽ നിർത്താൻ ഞാൻ ശ്രമിക്കാം.

മി. സ്പീക്കർ: അതിന്റെ മധ്യത്തിൽ നിർത്താം.

ശ്രീ. പിണറായി വിജയൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണല്ലോ. ഞാൻ പരമാവധി ചുരുക്കിപ്പറയാം. ഇവിടെ കണ്ണൂർ ജില്ലയിലെ ഭൂമി ഏറ്റെടുക്കലിനെപ്പറ്റി പറഞ്ഞു. ഭൂമി ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും മൈനിങ് ഉണ്ടാകും. ആ ഭാഗത്തൊക്കെ പണ്ടുകാലത്ത് കല്ലുവെട്ടുണ്ട്. സ്വാഭാവികമായി നാട്ടുംപുറങ്ങളിൽ നടക്കുന്ന കാര്യങ്ങളാണിത്. കല്ലുവെട്ട് നടക്കുന്ന പറമ്പുകളിൽ ധാരാളം വീടുകൾ കാണാൻ സാധിക്കും. അവിടെ അതിനെ കപ്പണ എന്നാണ് പറയുന്നത്. ഇവിടെ വെട്ടുകല്ല് എന്നാണ് പറയുന്നത്കല്ലുവെട്ട് കുഴികൾ കാണും. അങ്ങനെയുള്ള കപ്പണകൾ സ്വാഭാവികമായും അവിടെയുണ്ടാകും. എല്ലാ പ്രദേശത്തും അതുണ്ടാകില്ല.

ഇന്നലെ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയുടെ മറുപടിയിൽ വിമാനത്താവളത്തോടനുബന്ധിച്ച് ‘ 400 ഏക്കറിലധികം സ്ഥലം, അതിന്

തൊട്ടടുത്തുള്ള പനയത്താംപറമ്പ് എന്ന പ്രദേശത്ത് 400 ഏക്കറിലധികം സ്ഥലം' എന്ന് പറഞ്ഞിരുന്നു. ഇതൊക്കെ വ്യവസായ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കാൻ പോകുകയല്ലേ. നമ്മുടെ നാടിന്റെ വികസനത്തിന് വേണ്ടിയല്ലേ; നാടിന്റെ വികസനത്തിന് വേണ്ടിയുള്ള സ്ഥലം എടുക്കണ്ടേ; കേരളത്തിൽ നാല് വിമാനത്താവളങ്ങളാണല്ലോ ഇപ്പോഴുള്ളത്. തിരുവനന്തപുരം വിമാനത്താവളത്തിന്റെ കാര്യമെടുക്കുകയാണെങ്കിൽ വിമാനത്താവളത്തിനടുത്ത് അവർക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കാനുള്ള പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയല്ലേ. കൊച്ചി വിമാനത്താവളം നല്ല രീതിയിൽ നടന്നുപോകുന്ന ഒരു വിമാനത്താവളമാണ്. പക്ഷേ അതിന്റെ തൊട്ടടുത്തു തന്നെ വികസനത്തിനുവേണ്ടിയുള്ള സ്ഥലങ്ങൾ കിട്ടാനുണ്ടോ. സ്ഥലം വളരെ പരിമിതമല്ലേ. കരിപ്പൂർ വിമാനത്താവളത്തിന് അവരുടെ ആവശ്യത്തിനുള്ള സ്ഥലം കിട്ടാൻ പ്രയാസമല്ലേ. കണ്ണൂർ വിമാനത്താവളത്തിനുള്ള ഏറ്റവും വലിയ പ്രത്യേകത അവിടെ ആവശ്യത്തിന് സ്ഥലം ലഭ്യമാണ് എന്നുള്ളതാണ്. ആ സ്ഥലം റിയൽ എസ്റ്റേറ്റുകാർക്ക് വിട്ടുകൊടുക്കണോ;

വിമാനത്താവളം വന്നുകഴിഞ്ഞാൽ സ്വാഭാവികമായും റിയൽ എസ്റ്റേറ്റുകാർ ആ സ്ഥലം കൈവശപ്പെടുത്താൻ നോക്കും. അത്തരമൊരു സ്ഥലം നമ്മുടെ തന്ത്രപ്രധാനമായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന രീതിയിൽ ഏറ്റെടുത്ത് സൂക്ഷിക്കുന്നത് ഉചിതമല്ലേ. അതൊരു ദീർഘവീക്ഷണമല്ലേ; അതല്ലേ യഥാർഥത്തിൽ നടക്കേണ്ടത്; അദ്ദേഹം കണ്ണൂർ വിമാനത്താവളത്തിന്റെ അവകാശം സ്ഥാപിക്കാൻവേണ്ടി ഒരു ശ്രമം നടത്തുന്നതായി കണ്ടു. അത് കൃത്യമായി ഓർമ്മിക്കാത്തതുകൊണ്ടാണ് എന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ സമയം ദീർഘിപ്പിക്കുന്നില്ല.

1996-ലാണ് കണ്ണൂർ വിമാനത്താവളത്തിന്റെ ആദ്യഘട്ട പ്രവർത്തനം നടക്കുന്നത്. അന്ന് തിരഞ്ഞെടുപ്പ് കഴിഞ്ഞ് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നു. 2001-2006 കാലത്ത് ഒരു ചെറുവിരൽ അനക്കിയോ; അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാര്യം ചെയ്തോ; ഏത് ഘട്ടത്തിലായിരുന്നോ ഉണ്ടായിരുന്നത് അതേ അവസ്ഥയിൽതന്നെ കിടന്നു. അതുകഴിഞ്ഞ് 2006-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നു. അപ്പോഴാണ് വീണ്ടും പ്രവർത്തനങ്ങൾ തുടങ്ങുന്നത്. ആ

അഞ്ചുവർഷക്കാലംകൊണ്ട് ഒരു പരിധിയോളം എത്തിച്ചു. അതിനുശേഷം 2011-ൽ വീണ്ടും യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നു. കുറെ കാര്യങ്ങൾ അവർ മുന്നോട്ടുകൊണ്ടുപോയി. എന്നാൽ പൂർത്തിയായില്ല. അദ്ദേഹം നേരത്തെ പറഞ്ഞതുപോലെ ഉദ്ഘാടനം ചെയ്യണമെന്ന് യു.ഡി.എഫ്. സർക്കാരിന് തോന്നി. അതിന്റെ ഭാഗമായി റോഡിലൊക്കെ ഇറക്കാൻ പറ്റുന്ന ചില വിമാനങ്ങളുണ്ടല്ലോ അത്തരമൊരു വിമാനം കൊണ്ടുവന്ന് അവിടെയിറക്കി വിമാനത്താവളത്തിന്റെ ഉദ്ഘാടനം നിർവഹിച്ചുവെന്ന് പറഞ്ഞു. 2016-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ഇതാണ് അവസ്ഥ. അതിനുശേഷമാണ്... (ബഹളം)

<u>മി. സ്പീക്കർ</u>: യെസ്.. യെസ്.. പ്ലീസ്.. സമയമില്ല അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ തുടങ്ങുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: അതിനുശേഷമാണ് ധാരാളം വർക്കുകൾ അവിടെ നടക്കുന്നത്. അതെല്ലാം കഴിഞ്ഞിട്ടാണ് ഉദ്ഘാടനം ശരിക്കും നടക്കുന്നത്. അതുകൊണ്ട് കണ്ണൂർ വിമാനത്താവളത്തിന്റെ നേരവകാശം ആവശ്യപ്പെട്ടത് ശരിയായില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഒരു

കാര്യം കാണേണ്ടത്, കണ്ണൂർ വിമാനത്താവളത്തോടനുബന്ധിച്ച് സ്ഥലം കിട്ടാനുണ്ടായിരുന്നു. അതിനായി കുറെ സ്ഥലം എടുത്തിട്ടുണ്ട്. ഇനിയും അത് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി വേണ്ടിവരുന്ന സ്ഥലമുണ്ട്. അതിന്റെ ഭാഗമായി വ്യവസായ പാർക്ക്, ഐ.ടി. പാർക്ക്, സയൻസ് പാർക്ക്, അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം തുടങ്ങിയവയ്ക്ക് സ്ഥലം ഉപയോഗിക്കുന്നത് തെറ്റാണെന്ന് പറയാൻ പറ്റുമോ. അങ്ങനെ പറയാൻ പറ്റില്ലല്ലോ. പ്രത്യേക ആവശ്യത്തിന് എടുത്ത ഭൂമി എന്ന നില മാറ്റിനിർത്തിയാൽ എല്ലാ ജില്ലകളിലും എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരേ രീതിയിലുള്ള തുല്യത പാലിച്ചിട്ടുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്. സ്കൂളുകൾ, ആശുപത്രികൾ, റോഡ്, പാലങ്ങൾ തുടങ്ങി എല്ലാ മേഖലയിലും ഒരേ തരത്തിലാണ് നടപ്പാക്കിയിട്ടുള്ളത്. കൂടിവെള്ള വിതരണത്തിന് 6,852 കോടി രൂപയാണ് കിഫ്ബി അനുവദിച്ചത്. കിഫ്ബിയെ തകർക്കുന്നതിലൂടെ 1500-ലേറെ അടിസ്ഥാനസൗകര്യ വികസന പദ്ധതികളാണ് നമ്മുടെ സംസ്ഥാനത്ത്

ഇല്ലാതാകുന്നത് എന്ന കാര്യം നാം ഓർക്കണം. ഒരു കാര്യമേ എനിക്ക് അഭ്യർഥിക്കാനുള്ളൂ ഇനിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിക്കേണ്ട കാര്യമാണത്. കിഫ്ബി ലാഭകരമല്ല എന്ന സമീപനം, അത്തരമൊരു വിലയിരുത്തൽ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ പ്രായോഗികമല്ല. ഇത് നവ ലിബറൽ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടുള്ള കാര്യമാണെന്നാണ് അങ്ങ് മനസ്സിലാക്കേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് എനിക്ക് ഒറ്റ ചോദ്യമേയുള്ളൂ. ഇതൊരു SPV ആയിട്ട് പുറത്തു നിൽക്കുകയാണ്. അവർക്ക് തോന്നിയതുപോലെ പലിശയ്ക്ക് ലോൺ എടുക്കാം. എന്ത് ലോൺ എടുത്താലും അതിന്റെ ബാധ്യത സംസ്ഥാന സർക്കാരിന്റെ കീഴിൽ വരും. അത് കടമെടുപ്പിന്റെ പരിധിയിൽവരും. പിന്നെ എന്തിനാണ് അവരെക്കൊണ്ട് ലോൺ എടുപ്പിക്കുന്നത്; ശ്രീ. കെ. എൻ. ബാലഗോപാൽ മന്ത്രിയായിരുന്നപ്പോൾ ചോദിച്ച അതേ ചോദ്യമാണ് ഞാനും ചോദിക്കുന്നത്. എന്തിനാണ് അവരെക്കൊണ്ട് കടമെടുപ്പിക്കുന്നത്; ആ പണം സർക്കാരിന് നേരിട്ട്

പി.ഡബ്ല്യൂ.ഡി., ഇറിഗേഷൻ തുടങ്ങി വിവിധ വകുപ്പുകളിൽക്കൂടി നടപ്പാക്കാൻ കഴിയില്ലേ. അത് മറ്റൊരു ബോഡിയാണ്. അവരെക്കൊണ്ട് 50,000 കോടി രൂപ കടമെടുപ്പിച്ച്, അങ്ങ് പറഞ്ഞതുപോലെ സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിയുമെങ്കിൽ ശരി. പക്ഷേ സംസ്ഥാന ഖജനാവിലെ മുഴുവൻ പണവും അവർ വാങ്ങിയ കടം വീട്ടാനായി നൽകേണ്ടിവരികയാണ്. കോർപ്പറേറ്റുവൽക്കരണത്തെക്കുറിച്ച് അങ്ങ് ആവർത്തിച്ച് ആവർത്തിച്ച് പറയുകയാണ്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മണിയടിച്ചത് സോഷ്യലിസത്തിന്റെ മണിയാണോ. സോഷ്യലിസത്തിന്റെ മണിയായിരുന്നോ അവിടെ മുഴക്കിയത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യം വളരെ വിശദമായി മറുപടി പറയേണ്ടതാണെങ്കിലും അങ്ങ് എന്നെ നിയന്ത്രിക്കുന്നതുകൊണ്ട് ഞാൻ അത്ര വിശദമായിട്ട് പോകുന്നില്ല. പക്ഷേ ഒരു കാര്യം മുഖ്യമന്ത്രി ഇനിയും ഓർക്കേണ്ടതായിട്ടുണ്ട്. അത് കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന ഭരണഘടനാവിരുദ്ധമായ സമീപനമാണ്. ആ ഭരണഘടനാവിരുദ്ധമായ സമീപനത്തിന്റെ

ഭാഗമായാണ് ഇന്ന് കാണുന്ന തരത്തിലുള്ള പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുള്ളത്. അതായത് കിഫ്ബി എന്ന സംവിധാനം എടുക്കുന്ന വായ്പ നമ്മുടെ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തുന്നു. ഇത് ഭരണഘടനാ വിരുദ്ധമാണെന്നാണ് നമ്മുടെ വാദം. അക്കാര്യത്തിലാണ് നിയമവിദഗ്ധനായ ശ്രീ. ഫാലി എസ്. നരിമാൻ നൽകിയ നിയമോപദേശത്തിന്റെ കാര്യം ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ ചൂണ്ടിക്കാണിച്ചത്. അദ്ദേഹം പറഞ്ഞത് എന്താണ്; കിഫ്ബിയുടെ വായ്പ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ വരില്ല എന്നാണ് ശ്രീ. ഫാലി എസ്. നരിമാന്റെ വിദഗ്ധമായ നിയമോപദേശം. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നൽകിയ കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ പരിഗണനയിലാണ്. ഇത് ഭരണ-പ്രതിപക്ഷ വ്യത്യാസമായിട്ട് കാണേണ്ട കാര്യമില്ല. സംസ്ഥാനത്തിന്റെ പൊതുവായ പ്രശ്നമാണിത്. സംസ്ഥാനത്തിന് അവകാശപ്പെട്ട ഒരു കാര്യം നിഷേധിച്ച കാര്യമാണ്. നേരത്തെ എൽ.ഡി.എഫ്. സർക്കാർ അതിനെതിരെ ശക്തമായ പോരാട്ടം നടത്തി. ആ പോരാട്ടം എൽ.ഡി.എഫ്. സർക്കാർ

നടത്തിയതാണ്, ഞങ്ങൾ കൈയ്യൊഴിയുകയാണ്, എന്ന നിലയല്ല യു.ഡി.എഫ്. സർക്കാർ സ്വീകരിക്കേണ്ടത്. ആ പോരാട്ടം തുടരുകയാണ് വേണ്ടത്. കേസ് ഗൗരവമായി നടത്തി വിജയിച്ചാലുള്ള സ്ഥിതി എന്താണ്; 25,932 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിക്കാനുള്ള വഴിയാണ് ഒരുങ്ങുന്നത്. കേന്ദ്ര സർക്കാരിന്റെ സമാനമായ സ്ഥാപനങ്ങൾക്ക് ഇത്തരത്തിലുള്ള ആനുകൂല്യം ലഭിക്കുന്നുണ്ടെന്നത് നാം ഓർക്കണം. ഇവിടെ നാം കാണേണ്ട കാര്യം നിലവിലെ മോട്ടോർ വെഹിക്കിൾ ടാക്സും സെസ്സും പ്രതിവർഷം 4,500 കോടിയിലധികം രൂപ വരുമെന്നുള്ളതാണ്. നമ്മുടെ ആശുപത്രികൾ, സ്കൂളുകൾ ഇവയ്ക്കെല്ലാം കൊടുക്കുന്ന ചെലവിന്റെ ഭാഗമായി വരുന്ന ഒരു തിരിച്ചടവാണത്. നിലവിലെ കിഫ്ബിയുടെ 70,000 കോടി രൂപയുടെ ബാധ്യത 2041-42 വരെയാണ്. നിലവിലെ വിഹിതം കൃത്യമായി നൽകിയാൽ, ഈ 4500 കോടി രൂപ വീതം നൽകിയാൽ, 70,000 കോടി രൂപ 2041-ൽ പൂർണ്ണമായി അടച്ചുതീരും. ഒരു ആശങ്കയും അക്കാര്യത്തിൽ ഉണ്ടാകേണ്ടതായിട്ടില്ല. അതാണ് നാം ഓർക്കേണ്ട കാര്യം. 18,396 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കിയ 22 വരുമാനദായക പദ്ധതികൾ

കിഫ്ബിക്കുണ്ട്. കിഫ്ബിക്ക് വരുമാനദായക പദ്ധതികളേയില്ല എന്നൊരു വാദം നടത്തിയല്ലോ, അതിനാണ് ഞാൻ പറയുന്നത്. അങ്ങ് ശ്രദ്ധിച്ചില്ലെന്ന് തോന്നുന്നു അതുകൊണ്ട് ഞാൻ ഒന്നുകൂടി പറയാം. 18,396 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കിയ 22 വരുമാനദായക പദ്ധതികൾ, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 4183 കോടി രൂപ അതിൽനിന്നും വരുമാനം ലഭിച്ചിട്ടുണ്ട്. വരുമാനം ലഭിക്കാത്തത് സ്കൂളിന് ചെലവിട്ടതിനാണ്. വരുമാനം ലഭിക്കാത്തത് ആശുപത്രിക്ക് ചെലവിട്ടതിനാണ്. മറ്റ് ചില പദ്ധതികളുണ്ട്. ഇവിടെ വരുമാനമുണ്ടാക്കുന്ന പദ്ധതികൾക്ക് 21 ശതമാനമേ നൽകിയുള്ളൂവെന്നാണ് കമ്മിറ്റിതന്നെ പറഞ്ഞിട്ടുള്ളത്. സ്കൂൾ, ആശുപത്രി എന്നിവയുടെ കാര്യം ഞാൻ ആവർത്തിക്കുന്നില്ല. അത് നാടിന്റെ നിക്ഷേപമാണ്. അത് പ്രോജക്ടിന്റെ ബാലൻസ് ഷീറ്റിൽ സ്വാഭാവികമായും കാണാൻ കഴിയില്ല. 40,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസനം യാഥാർഥ്യമായിട്ടുണ്ടെന്ന് മുഖ്യമന്ത്രിതന്നെ ഇതിനകം സമ്മതിച്ചു. ഒരു ലക്ഷത്തോളം കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്ന സംവിധാനമാണ് കിഫ്ബി, അതിനെ കേന്ദ്രസർക്കാർ പ്രത്യേക

വിപ്രതിപത്തിയോടെ കണ്ടു. കേന്ദ്രസർക്കാരിന്റെ ആരോപണങ്ങൾ അതേപടി പകർത്തി എഴുതിയ ഒരു രാഷ്ട്രീയ രേഖയാണ് ശ്രീമതി സുധാ പിള്ള അവതരിപ്പിച്ചത്. അതിനെ ശരിവച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംസാരിച്ചത്. രാജ്യത്തെയാകെ കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന കേന്ദ്ര സർക്കാരിന്റെ സ്വകാര്യവൽക്കരണ നയത്തിനുമുന്നിൽ മുട്ടുമടക്കുന്ന സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നത്. ഒന്നുമാത്രമെ പറയാനുള്ളൂ, ജനകീയ വികസന ബദൽ അത് പൂർണ്ണമായി ഇവിടെ സംരക്ഷിക്കപ്പെടണം. ഇത്തരമൊരു പ്രശ്നം വിശദമായി ചർച്ച ചെയ്യുന്നതായിരുന്നു നല്ലത്. അതിന് തയ്യാറാകാത്ത ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷികളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി.)

ശ്രീ. കെ. രാജൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രമെ പറയുകയുള്ളൂ.

മി. സ്പീക്കർ: അങ്ങ് പ്രസംഗം വളരെ ചുരുക്കുമെന്ന് എനിക്ക് നന്നായിട്ട് അറിയാം.

ശ്രീ. കെ. രാജൻ: സർ, തീർച്ചയായും, സംസ്ഥാന സർക്കാരിന് പാശ്ചാത്തല സൗകര്യ നിർമ്മാണത്തിനുവേണ്ടി ഒരു വർഷം എത്ര കോടി രൂപയാണ് യഥാർഥത്തിൽ ചെലവഴിക്കാൻ കഴിയുക? സംസ്ഥാന ജി.ഡി.പി.-യുടെ 1.3 ശതമാനം. മറ്റ് സംസ്ഥാനങ്ങളുടെ ശരാശരി കണക്കെടുത്ത് നോക്കിയാൽ ഏതാണ്ട് 3 ശതമാനത്തിനടുത്ത് കേരളത്തിൽ വരും. കേരളത്തിന്റെ മൂലധന ചെലവ്, യഥാർഥത്തിൽ ബജറ്റിൽ പണമില്ല എന്ന ഒറ്റകാരണംകൊണ്ട് കാൽ നൂറ്റാണ്ടിലേറെ നീണ്ടുപോയ പല പ്രശ്നങ്ങളും ഏറ്റെടുക്കുന്നതിനുവേണ്ടി, വളരെ ഗുണകരമായ പ്രോജക്ടുകൾ കൊണ്ടുവരാനുള്ള ഒരു വഴിയെന്ന നിലയിലാണ് 2016-ൽ കിഫ്ബി പുനഃസംഘടിപ്പിച്ചിട്ടുള്ളത്. ഇപ്പോൾ ശ്രീമതി സുധാ പിള്ളയുടെ നേതൃത്വത്തിൽ അവതരിപ്പിക്കപ്പെട്ട റിപ്പോർട്ട്, എന്തെല്ലാമാണോ കേന്ദ്ര

സർക്കാർ വാദങ്ങൾ അതെല്ലാം അതിവിദഗ്ധ സമിതിയുടെ പേരിൽ ഒരു സമിതി അതിന്റെ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. അതിനെ ക്യാബിനറ്റ് അംഗീകരിച്ചു. യഥാർഥത്തിൽ സംസ്ഥാന താൽപര്യം വെടിഞ്ഞ് കേന്ദ്ര സർക്കാരിന്റെ വാദഗതികൾക്ക് മുഖം കൊടുക്കുന്ന അപകടകരമായിട്ടുള്ളൊരു നിലപാടാണ് നമ്മുടെ മുമ്പിൽ ഇപ്പോൾ കാണാൻ കഴിയുന്നത്. കിഫ്ബി പ്രഖ്യാപിച്ചിട്ടുള്ള ഒരു പദ്ധതിയും സർക്കാരിന്റെ ദൈനംദിന പ്രവർത്തനമല്ല, എല്ലാം അസെറ്റ് മാനേജ്മെന്റാണ്. കിഫ്ബി ഏറ്റെടുത്ത ഏത് പ്രോജക്ടാണ് എന്റെ നിയോജകമണ്ഡലത്തിൽ വേണ്ടെന്ന് വയ്ക്കാൻ, ജനങ്ങളോട് ധൈര്യമായി പറയാൻ ഈ സഭയിലെ എം.എൽ.എ.-മാരായവർക്ക് ധൈര്യമുണ്ടാകുക, ഏത് പ്രോജക്ടാണ് അങ്ങനെ വേണ്ടെന്ന് വയ്ക്കാൻ കഴിയുക? എന്റെ നിയോജകമണ്ഡലത്തിലെ സുവോളജിക്കൽ പാർക്ക്, വി. എസ്. അച്ചുതാനന്ദൻ തറക്കല്ലിട്ടു, ഉമ്മൻ ചാണ്ടി തറക്കല്ലിട്ടു, മാറിമാറി വന്ന രണ്ട് ഗവൺമെന്റുകളും തറക്കല്ലിട്ടുപോയിട്ടും 2016-ൽ കിഫ്ബി വരുന്ന സമയത്ത് കാടുപോലും വെട്ടാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. 350 കോടി രൂപ അനുവദിച്ച്

അവിടെയൊരു പുനരുജ്ജീവനമുണ്ടായത്, സുവോളജിക്കൽ പാർക്കുൾപ്പെടെയുള്ള പദ്ധതികളിൽ പുനർനിർമ്മാണം ഉണ്ടായത് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടാണ്. കിഫ്ബി ഏറ്റെടുത്ത പ്രോജക്ടുകൾ ഏതെല്ലാമാണ് സർക്കാരിന്റെ ബജറ്റിൽ വരാൻ പറ്റുക; കിഫ്ബി ഏറ്റെടുത്ത പ്രോജക്ടുകൾ സർക്കാരിന്റെ ബജറ്റിൽ വന്നാൽ അതിന് ആർക്കാണ് പണം കൊടുക്കാൻ കഴിയുക; കേരളത്തിന്റെ ആസ്തി വർധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കപ്പെട്ട ഈ പദ്ധതികൾ നാം ബജറ്റിലൂടെയാണ് നടപ്പിലാക്കിയതെങ്കിലും അതിന്റെ ബാധ്യത കേരളത്തിന്റെ ചുമലിൽ വരുമെന്ന കാര്യത്തിൽ ആർക്കാണ് സംശയമുള്ളത്?

മി. സ്പീക്കർ: എല്ലാ കാര്യങ്ങളും പ്രതിപക്ഷനേതാവ് പറഞ്ഞു.

ശ്രീ. കെ. രാജൻ: സർ, രണ്ട് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തിൽ ഭരണത്തിന്റെ അവസാന ക്വാർട്ടറിൽ ധനകാര്യ വകുപ്പുമന്ത്രിക്കൊരു ഭാരമുണ്ടാകുന്നത് എങ്ങനെയാണ്? കേന്ദ്ര സർക്കാർ നമ്മളോട് എടുക്കുന്ന അതിനീചമായിട്ടുള്ള നടപടിയുടെ ഭാഗമായല്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മുഖ്യമന്ത്രിയായതിനുശേഷം ആദ്യം

പ്രധാനമന്ത്രിയെ കണ്ടപ്പോൾ ആവശ്യപ്പെട്ടതെന്താണ്; തുടർച്ചയായി പറഞ്ഞുകൊണ്ടിരിക്കുന്ന ബോറോയിങ് കപ്പാസിറ്റിയെ സംബന്ധിച്ചാണ്. പക്ഷേ, ഇവിടെ അവതരിപ്പിക്കപ്പെട്ട ധവളപത്രത്തിലൂടെ, നാം കേസിൽ നടന്നുകൊണ്ടിരിക്കുന്ന 1,25,000....., നമ്മുടെ ട്രഷറികളിൽ നിക്ഷേപമായിട്ടുള്ള പണം കടമായി അംഗീകരിക്കുന്നതിലൂടെ കേന്ദ്ര ഗവൺമെന്റിന്റെ വാദഗതിക്ക് മുമ്പിൽ നാം തോറ്റുകൊടുക്കുന്ന നിലപാടാണ് ഉണ്ടാകുന്നത്. 5,07,000 കോടി രൂപയുടെ കടമുണ്ടെന്ന് ഒരു ധവളപത്രത്തിലൂടെ കേരളം പറഞ്ഞാൽ കേരളത്തിന്റെ ബോറോയിങ് കപ്പാസിറ്റിയെ അത് ഗൗരവമായി ബാധിക്കില്ലേ? ഇവിടെ പറയപ്പെട്ട KSIDC (Kerala State Industrial Development Corporation Ltd.)-യുടെ ആയിരം ഏക്കർ സ്ഥലം ഏത് കാലത്താണ് അത് ആവശ്യപ്പെട്ടത്? 2013 ഏപ്രിൽ മാസത്തിലാണ് KSIDC ആയിരം ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള റിക്വസിഷൻ കൊടുക്കുന്നത്. റവന്യൂ വകുപ്പ് അതിന് അനുവാദം കൊടുക്കുന്നത് 2015 സെപ്റ്റംബർ 19-നും 23-നും ഇറങ്ങിയ ഗവൺമെന്റ് ഓർഡറുകളിലാണ്. സ്റ്റേറ്റ് ലെവൽ മോണിറ്ററിങ് കമ്മിറ്റി അത് എടുക്കാൻ

തീരുമാനിക്കുന്നത് 2016 മാർച്ച് 21-ൽ ആ ഗവൺമെന്റിന്റെ കാലത്താണ്. എങ്ങനെയാണ് ഭൂമി ഏറ്റെടുക്കുക? ഒരു റിക്വിസിഷൻ അതോറിറ്റി ഭൂമി ഏറ്റെടുത്താൽ, റവന്യൂ വകുപ്പ് ഏജൻസി മാത്രമാണ്..... ബഹുമാനപ്പെട്ട പുതിയ റവന്യൂ വകുപ്പുമന്ത്രി വന്നാലും ഇക്കാര്യത്തിൽ അതേ ചെയ്യാൻ സാധിക്കുകയുള്ളൂ. ഒറ്റ നിയമമേയുള്ളൂ. 2013-ൽ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (RFCTLARR Act) ഒരു സെന്റ് ഭൂമിക്ക് ഒരു ലക്ഷം രൂപ വിലയുണ്ടെങ്കിൽ ആ ഒരു ലക്ഷം രൂപയുടെ വില നഗരത്തിൽനിന്നും 40 കിലോമീറ്റർ അപ്പുറത്താണെങ്കിൽ അത് 2 ലക്ഷം രൂപയാകും. അതിന് 2 ലക്ഷംതന്നെ സൊലേഷ്യം വരും. അവിടത്തെ ചെടികൾക്കും വിളകൾക്കുമെല്ലാം വില നിശ്ചയിക്കപ്പെടും. അങ്ങനെ ഔദ്യോഗികമായി തീരുമാനിക്കപ്പെട്ട വിലയല്ലാതെ മറ്റൊന്നും കൊടുക്കാൻ റവന്യൂ വകുപ്പിന് ഉത്തരവ് ചെയ്യാൻ കഴിയില്ല. കിഫ്ബിയെന്ന മഹനീയമായ പദ്ധതി തകരുമെന്ന് വരുമ്പോൾ, അത് നിൽക്കുമെന്ന് കേൾക്കുമ്പോൾ, കേരളത്തിൽ

ആരംഭിക്കപ്പെട്ട സ്കൂളുകളും ആരോഗ്യ മേഖലയും നമുക്ക് മുതൽമുടക്ക് മൂലധനമായി മാറുന്ന മേഖലകളിൽ ഉൾപ്പെടെയുണ്ടാകുന്ന ഗൗരവമായ പ്രശ്നങ്ങൾ കിഫ്ബിയെ സംബന്ധിച്ച് ചർച്ചയ്ക്ക് വരണമെന്ന പ്രശ്നം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് പ്രതിപക്ഷം ഈ നോട്ടീസ് നൽകിയത്. ആ നോട്ടീസ് നിർബന്ധമായും ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാത്ത നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷികളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി.)

ശ്രീ. പി. കെ. പ്രവീൺ: സർ, ഏറ്റവും വികസനപരമായൊരു നിലപാടുമായാണ് കിഫ്ബി എന്ന പദ്ധതി മുന്നോട്ടുപോയത്. ഇത് ബാധിക്കുന്നത് ഒരു മണ്ഡലത്തിൽ മാത്രമല്ല, ഏകദേശം ആയിരത്തിഅഞ്ഞൂറോളം പദ്ധതികളെയാണ് ഇത് ബാധിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളിലെയും സാമൂഹ്യമേഖലയിലെയും എല്ലാ പദ്ധതികളെയും ഗൗരവമായി മുന്നോട്ടുകൊണ്ടുവന്ന ഈ പദ്ധതിയെ

ഇല്ലാതാക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. അത് ചർച്ച ചെയ്യാത്ത നടപടിയിൽ..... കണ്ണൂർ ജില്ലയും കേരളത്തിൽപ്പെട്ടതല്ലേ; അവിടെയും കുറെ സ്ഥലമേറ്റെടുക്കുമ്പോൾ അതും വികസനത്തിനുവേണ്ടിയല്ലേ എടുത്തത്? ഇതെല്ലാം ചർച്ച ചെയ്യണമെന്ന അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചത്. സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. പ്രവീൺ സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ തിരികെ ഹാജരായി.)